# വചനസൂമം



വാല്യം 12 ✵ ആഗസ്റ്റ് 2014 ✵ ലക്കം 8

# പ്രസംഗം തയ്യാറാക്കിയവർ

ആഗസ്റ്റ് 3 : **പെന്തിക്കൊസ്തിക്കു ശേഷം എട്ടാം ഞായർ**

ബ്രദർ റെജി സൈമൺ ഒ.ഐ.സി.

ആഗസ്റ്റ് 6 : **കർത്താവിന്റെ തേജസ്ക്കരണത്തിരുന്നാൾ**

ബ്രദർ ജിയോപോൾ ഒ.ഐ.സി.

ആഗസ്റ്റ് 10 : **തേജസ്ക്കരണത്തിനുശേഷം ഒന്നാം ഞായർ**

ബ്രദർ മെൽവിൻ മാത്യു ഒ.ഐ.സി.

ആഗസ്റ്റ് 15 : **ശൂനോയോ പെരുന്നാൾ (പരി. ദൈവമാതാവിന്റെ സ്വർഗ്ഗാരോപണം)**

ബ്രദർ മനു വർഗ്ഗീസ് ഒ.ഐ.സി.

ആഗസ്റ്റ് 17 : **തേജസ്ക്കരണത്തിനുശേഷം രണ്ടാം ഞായർ**

ബ്രദർ ജോസഫ് ആഞ്ചലോ ഒ.ഐ.സി.

ആഗസ്റ്റ് 24 : **തേജസ്ക്കരണത്തിനുശേഷം മൂന്നാം ഞായർ**

ബ്രദർ വിജോയ് വർഗ്ഗീസ് ഒ.ഐ.സി.

ആഗസ്റ്റ് 31 : **തേജസ്ക്കരണത്തിനുശേഷം നാലാം ഞായർ**

ബ്രദർ ജീവൻ ഒ.ഐ.സി.



Printed : At Bethany Offset Printers, Kottayam
Published : By **Bethany Vedavinjana Peeth, Pune**
E-mail:bethanyktm@gmail.com
(For Private Circulation)

# 2014 ആഗസ്റ്റ് 3
# പെന്തിക്കോസ്തിക്കുശേഷം 8-ാം ഞായർ

മത്താ. 12:43-45; ലേവ്യ. 26:3-13: 2 സാമു. 2:1-7; ഏശ. 57:14-21; അപ്പ.പ്രവ. 4:23-31; 1 കോറി. 7:1-7; മത്താ. 19:1-12

**ബ്രദർ റെജി സൈമൺ ഒ.ഐ.സി.**

## പശ്ചാത്തലം

യേശു ഗലീലിയിൽ നിന്നു യാത്രയാകുന്നതോടുകൂടി പുതിയ പ്രദേശങ്ങളിലേക്കുള്ള ദൈവവചന പ്രഘോഷണത്തിന്റെ ആരംഭം കുറിക്കുന്നു. അതോടൊപ്പം തന്റെ ശിഷ്യഗണത്തെ സുവിശേഷത്തിന്റെ വാഹകരാകുവാൻ തുടർച്ചയായി ഉപമകളിലൂടെയും, പഠിപ്പിക്കലിലൂടെയും അവരെ രൂപാന്തരീകരണത്തിനു വിധേയരാക്കിക്കൊണ്ടു വരുന്നു. ഈ സാഹചര്യത്തിലാണ് ഫരിസേയർ യേശുവിനെ പരീക്ഷിക്കുന്നതിനായി ചോദ്യശരങ്ങൾ എയ്യുന്നത്. അവിടുന്നു നൽകുന്ന മറുപടി ശിഷ്യഗണത്തിന് ഒരു പുതിയ ഉൾക്കാഴ്ച നൽകുന്നു. ഇതാണ് ഈ സുവിശേഷഭാഗത്തിന്റെ പശ്ചാത്തലം.

## പ്രമേയം

സ്ത്രീപുരുഷബന്ധത്തിന്റെ പവിത്രതയെപ്പറ്റിയും, ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടാണ് അവർ ഒരുമിക്കുന്നതെന്നും, അതു മനുഷ്യരാൽ നിഹനിക്കപ്പെടാൻ പാടില്ല എന്ന് കൽപ്പിച്ചുകൊണ്ട് കുടുംബബന്ധത്തിന് ദൈവിക പവിത്രത കൽപ്പിക്കുന്നതാണ് ഇന്നത്തെ സുവിശേഷത്തിലെ മുഖ്യപ്രമേയം.

## വിചിന്തനം

### 1. ഭാര്യാഭർതൃബന്ധം : പരസ്പരസമർപ്പിതജീവിതം

ദൈവമായ കർത്താവ് അരുളിച്ചെയ്തു. മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല. അവനു ചേർന്ന ഇണയെ ഞാൻ നൽകും (ഉൽപ. 2:18). അതുകൊണ്ടു ദൈവമായ കർത്താവു മനുഷ്യനെ ഗാഢനിദ്രയിലാഴ്ത്തി. ഉറങ്ങിക്കിടന്ന അവന്റെ വാരിയെല്ലുകളിൽ ഒന്നെടുത്തതിനു ശേഷം അവിടം മാംസം കൊണ്ടു മൂടി. മനുഷ്യനിൽ നിന്നെടുത്ത

വാരിയെല്ലുകൊണ്ടു അവിടുന്നു ഒരു സ്ത്രീക്ക് രൂപം കൊടുത്തു. അവളെ അവന്റെ മുമ്പിൽ കൊണ്ടുവന്നു. അപ്പോൾ അവൻ പറഞ്ഞു. ഒടുവിലിതാ എന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും, മാംസത്തിൽ നിന്നുള്ള മാംസവും. നരനിൽ നിന്ന് എടുക്കപ്പെട്ടതുകൊണ്ടു നാരി എന്നവൾ വിളിക്കപ്പെടും അതിനാൽ പുരുഷൻ മാതാപിതാക്കളെ വിട്ട് ഭാര്യയോടു ചേരും. അവർ ഒറ്റശരീരമായി തീരും (ഉൽപ. 2:21-24). വിവാഹമെന്ന കൂദാശയിലൂടെ ഭാര്യാഭർതൃബന്ധത്തിലേക്കു കടന്നു വരുന്ന ദമ്പതികൾ ഏകശരീരമായി തീരുന്നത് അവൻ പരസ്പരം സമർപ്പിക്കുമ്പോഴാണ്. പരസ്പരമുള്ള സമ്പൂർണ്ണ സമർപ്പണം നടന്നു കഴിയുമ്പോൾ മാത്രമാണ് അവർ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും, മാംസത്തിൽ നിന്നുള്ള മാംസവും ആയിത്തീരുന്നത്. സമർപ്പണം എന്നു പറയുന്നത് ഒരു വ്യക്തിയെ ആ വ്യക്തിയായി തന്നെ അംഗീകരിച്ചു കൊണ്ട് അവനെ/അവളെ കുറ്റങ്ങളോടും കുറവുകളോടുംകൂടി ഹൃദയത്തിൽ ചേർത്തുവയ്ക്കുക എന്നതാണ്. ഈ സമർപ്പണം പരസ്പരം ഭാരങ്ങൾ ഏറ്റെടുക്കുന്ന പ്രക്രിയ കൂടിയാണ്. കുരിശെടുക്കാതെ ആർക്കും കർത്താവിനെ അനുഗമിക്കാൻ സാധിക്കില്ല. പലപ്പോഴും ഭാര്യയെയോ/ഭർത്താവിനെയോ അവരുടെ കുറവുകളോടും കുറ്റങ്ങളോടുംകൂടി അംഗീകരിക്കാൻ കഴിയാത്തതുകൊണ്ടാണു കുടുംബജീവിതത്തിൽ പ്രശ്നങ്ങൾ ഉടലെടുക്കുന്നത്. ദൈവത്തെ ഈ സമർപ്പണ ജീവിതത്തിലേക്ക് കൂട്ടിക്കൊണ്ടുവരുമ്പോൾ കുടുംബജീവിതത്തിലെ പ്രശ്നങ്ങളെ, സമർപ്പണത്തിന്റെ കുറവുകളെ അതിജീവിക്കാൻ കഴിയും.

## 2. കുടുംബബന്ധങ്ങൾ = ദൈവിക തിരഞ്ഞെടുപ്പ്

സ്രഷ്ടാവ് ആദിമുതലെ അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു. തൻമൂലം പിന്നീടൊരിക്കലും അവർ രണ്ടല്ല ഒറ്റ ശരീരമായിരിക്കും. ആകയാൽ ദൈവം കൂട്ടിയോജിപ്പിച്ചത് മനുഷ്യൻ വേർപ്പെടുത്താതിരിക്കട്ടെ (മത്താ. 19:6). ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടു ദൈവികപദ്ധതിയനുസരിച്ചാണ് ഒരു സ്ത്രീയും, പുരുഷനും ഭാര്യാഭർത്താക്കന്മാരായി തീരുന്നത്. "നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല. ക്ഷേമത്തിനുള്ള പദ്ധതിയാണത്. നിങ്ങൾക്ക് ശുഭമായ ഭാവിയും, പ്രത്യാശയും നൽകുന്ന പദ്ധതി (ജറ. 29:11). ഓരോരുത്തർക്കും നൽകപ്പെടുന്ന പങ്കാളികളിലൂടെ ദൈവിക സ്വപ്നസാക്ഷാത്ക്കാരത്തിലേക്കു നടന്നടുക്കണം. പലപ്പോഴും നൽകപ്പെട്ടിരിക്കുന്ന പങ്കാളിയെ ഹൃദയത്തിൽ ഏറ്റെടുക്കുന്നതിനുപകരം തന്റെ മനസ്സിലുള്ള പങ്കാളിയെപ്പറ്റിയുള്ള ചിത്രത്തെ ഹൃദയത്തിൽ പ്രതിഷ്ഠിക്കുന്നതാണ്

പല കുടുംബബന്ധങ്ങളുടേയും ഇടയിൽ അസ്വാസ്ഥ്യങ്ങൾ ഉടലെടുക്കുന്നതിനു കാരണം. തന്റെ മനസിലുള്ള പങ്കാളിയുടെ ചിത്രമല്ല നൽകപ്പെട്ടിരിക്കുന്ന വ്യക്തിയെയാണ് ഹൃദയത്തിൽ ഏറ്റെടുക്കേണ്ടത്. അങ്ങനെയെങ്കിൽ മാത്രമേ പങ്കാളിയെ പങ്കാളിയായി കാണുവാനും ദൈവത്തിങ്കലേക്ക് നടന്നടുക്കുവാനും സാധിക്കുകയുള്ളൂ. കുടുംബബന്ധങ്ങളുടെ ആത്യന്തികലക്ഷ്യം ദൈവത്തിൽ എത്തിചേരുക എന്നതാണ്.

### 3. കുടുംബം, സ്നേഹം പങ്കുവയ്ക്കുന്നതിനായി ദൈവം തിരഞ്ഞെടുത്തിരിക്കുന്ന സ്ഥലം

ഒരേ ശരീരമായി തീരുന്നവർ സ്നേഹത്തിൽ ഒന്നുചേർന്ന് അതു പങ്കുവയ്ക്കുന്നവരായി തീരണം. ദൈവസ്നേഹം പങ്കുവയ്ക്കുന്ന ഇടങ്ങളായി തീരണം ഓരോ കുടുംബങ്ങളും. ദൈവം തിരഞ്ഞെടുത്തിരിക്കുന്നത് അവന്റെ സ്നേഹം പങ്കുവയ്ക്കുവാനാണ്. മുറിച്ചു നൽകപ്പെടുന്ന സ്നേഹമാണ് പങ്കുവയ്ക്കപ്പെടേണ്ടത്. മുറിയാതെ, പങ്കുവയ്ക്കപ്പെടാതെ സ്നേഹം ഇരിക്കുമ്പോഴാണ് കുടുംബബന്ധങ്ങൾ തകർച്ചയിലേക്ക് നീങ്ങുന്നത്. പരസ്പരം വാഴ്ത്തി, വിശുദ്ധീകരിച്ച്, മുറിച്ചുനൽകപ്പെടുന്ന സ്നേഹമുറിവുകളുടെ സുവിശേഷമായി ഭാര്യാഭർതൃബന്ധം മാറണം. ശാരീരിക സ്നേഹം മാത്രം പങ്കുവയ്ക്കപ്പെടുന്ന ഇടങ്ങളായി ബന്ധങ്ങൾ മാറുന്നു എന്നുള്ളതാണ് ഇന്നത്തെ കാലഘട്ടത്തിന്റെ ദുരന്തം.

## ഉപസംഹാരം

ഓരോ സ്ത്രീയും പുരുഷനും ഭാര്യാഭർതൃബന്ധത്തിലേക്കു കടന്നുവരുന്നത് ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടാണ്, മുറിവുകൾ ഏറ്റെടുക്കുന്ന സ്നേഹം പങ്കുവച്ച് ദൈവത്തിൽ എത്തിച്ചേരേണ്ടതാണ് കുടുംബബന്ധം എന്ന കാഴ്ചപ്പാടിലേക്ക് വരാത്തതാണ് ഇന്നത്തെ കാലഘട്ടത്തിന്റെ പ്രത്യേകത. ഒരു പങ്കാളിയെ അവന്റെ/അവളുടെ കുറ്റങ്ങളോടും കുറവുകളോടുംകൂടി അംഗീകരിച്ച് ദൈവസ്നേഹം പങ്കുവച്ച് അവനിൽ എത്തിച്ചേർന്ന് ജീവിതസാക്ഷാത്ക്കാരം നേടണമെന്ന് ഇന്നത്തെ വേദഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു.

# 2014 ആഗസ്റ്റ് 6

# നമ്മുടെ കർത്താവിന്റെ തേജസ്ക്കരണത്തിരുന്നാൾ

മത്താ. 17:1-8; നിയമ. 16:13-17; സഖ. 14:16-21; ഏശ. 61:1-4; 2 പത്രോ. 1:16-21; എബ്രാ. 12:18-24; ലൂക്കാ. 9:28-36.

**ബ്രദർ ജിയോപോൾ ഒ. ഐ. സി.**

## പശ്ചാത്തലം

യേശു ഗലീലായിലെ ശുശ്രൂഷ പൂർത്തിയാക്കിയിട്ടു ജറുസലേമിലേക്കു പോകുന്നു. ഈ യാത്രയിലെ രക്ഷാകരസംഭവങ്ങളുടെ വിവരണമാണ് ലൂക്കായുടെ സുവിശേഷം 9 മുതൽ 19 വരെയുള്ള അദ്ധ്യായങ്ങൾ. ജറുസലേമിൽ കുരിശുമരണവും ഉത്ഥാനവും സ്വർഗ്ഗാരോഹണവുമാകുന്ന മഹത്വീകരണം യേശുവിനെ കാത്തിരിക്കുന്നു. വരാനിരിക്കുന്ന ഈ മഹത്വീകരണത്തിന്റെ മുന്നാസ്വാദനമാണു മലയിലെ തേജസ്ക്കരണം.

## പ്രമേയം

സുവിശേഷത്തിൽ മലയുടെ പേരു രേഖപ്പെടുത്തിയിട്ടില്ലെങ്കിലും താബോർ മലയിൽ വച്ചു തേജസ്കരണം നടന്നുവെന്നാണു സഭാപാരമ്പര്യം. ഈ തിരുന്നാളിനു മഹത്വീകരണപ്പെരുന്നാൾ, കൂടാരപ്പെരുന്നാൾ, മറുരൂപപ്പെരുന്നാൾ എന്നീ പേരുകളോടൊപ്പം പ്രകാശത്തിന്റെ പെരുന്നാൾ എന്ന പേരും ഉണ്ട്. സമാന്തര സുവിശേഷങ്ങളിലെല്ലാം ഈ സംഭവം വിവരിച്ചിരിക്കുന്നു (മത്താ. 17:1-8; മർക്കോ. 9:2-8; ലൂക്കാ. 9:28-36). പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നീ ശ്ലീഹന്മാരുമായാണു യേശു മലമുകളിലേക്കു കയറുന്നത്. പിതാവുമായുള്ള സംസർഗത്തിനു മലമുകളിലെ സ്വസ്ഥതയ്ക്കും ശാന്തതയ്ക്കുമായാണ് ആ യാത്ര. അവിടെയാണ് യേശുക്രിസ്തു ആരെന്നു ശിഷ്യർക്കു വെളിപ്പെട്ടത്.

## വിചിന്തനം

“ഈ ദിവസം പത്രോസിനെയും യോഹന്നാനെയും യാക്കോബിനെയും കൂട്ടിക്കൊണ്ടു താബോർ പർവ്വതത്തിലേക്കു നീ കയറി. അവരുടെ മുമ്പിൽ നീ രൂപാന്തരപ്പെടുകയും നിന്റെ മുഖം സൂര്യനെപ്പോലെ ശോഭിക്കുകയും ചെയ്തുകൊണ്ടു നീ യഥാർത്ഥത്തിൽ ദൈവകുമാരനാണെന്നും കാലാന്ത്യത്തിൽ നീതിമാൻമാർ സൂര്യനെപ്പോലെ ശോഭിക്കുകയും നാശമില്ലാത്ത അവസ്ഥയിലാവുകയും ചെയ്യുമെന്നു നീ കാണിച്ചു. ഈ പെരുന്നാളിൽ നിന്റെ വസ്ത്രങ്ങൾ ഹിമത്തെക്കാൾ വെണ്മയായി. ഇതിനാൽ നിന്റെ ഹിതാനുസാരം ജീവിക്കുന്നവർക്കു സൂക്ഷിച്ചു വച്ചിരിക്കുന്ന അനശ്വര വസ്ത്രത്തിന്റെ മാതൃക നീ കാണിച്ചു” (പെങ്കീസാ, പ്രഭാതം, തേജസ്ക്കരണം, സെദറാ). തേജസ്ക്കരണ തിരുന്നാളിന്റെ ദൈവ ശാസ്ത്രം മുഴുവൻ ഈ പ്രാർത്ഥനയിൽ ഉൾക്കൊണ്ടിരിക്കുന്നു.

“അവൻ എട്ടു ദിവസങ്ങൾക്കഴിഞ്ഞു പത്രോസ്.....മലയിലേക്കു കയറിപ്പോയി” (ലൂക്കാ. 9:28). മല എപ്പോഴും ദൈവികതയുടെ പരിവേഷമുള്ളതാണ്. പഴയനിയമത്തിൽ ഉടനീളം മലയിൽ ദൈവമഹത്വം കാണപ്പെട്ടു എന്നു നാം വായിക്കുന്നു (പുറ. 24:9-18,15). ക്രിസ്തുവും തന്റെ ശിഷ്യന്മാരെ തിരഞ്ഞെടുക്കുന്നത് ഇതേ മലയുടെ അനുഭവത്തിൽ നിന്നുകൊണ്ടാണ് (മർക്കോ. 3:15). യേശുവിന്റെ പ്രാർത്ഥനകളെല്ലാം മലമുകളിലായിരുന്നു (മത്താ. 5:1; മർക്കോ. 13:1). ഏകാന്തതയിൽ പിതാവിനോടുകൂടിയായിരിക്കുന്ന അവസ്ഥ. ഇതുപോലെ പഴയനിയമത്തിൽ മലയുടെ ഏകാന്തതയിൽ വസിക്കുന്ന പ്രവാചകൻമാരുടെ ദൈവാനുഭവത്തെപ്പറ്റി പഴയനിയമം വിവരിക്കുന്നു. ഏലിയ അതിനൊരു ഉദാഹരണമാണ് (2 രാജാ. 19:9-15).

ക്രിസ്തീയ ജീവിതം ഈ മലകയറ്റമാണ്. ഞാനും ദൈവവും മാത്രമുള്ള കുറച്ചു നിമിഷങ്ങൾ. ഏകാന്തതയിൽ ദൈവത്തോടൊപ്പം

ആകാനുള്ള കയറ്റം. മലകയറ്റം ദുസ്സഹമാണ്. കല്ലും മുള്ളും നിറഞ്ഞ പാത. ഇവയെല്ലാം സഹിച്ചെങ്കിൽ മാത്രമേ മലയുടെ നെറുകയിൽ എത്താൻ കഴിയൂ. മോശ കർത്താവിന്റെ മലയായ ഹോറേബിലെത്തിയതു മരുഭൂമി താണ്ടിയാണ് (പുറ. 3). പ്രയാസങ്ങൾ ഏറ്റെടുത്തെങ്കിൽ മാത്രമെ ദൈവമഹത്വം ദർശിക്കുവാനാകൂ.

"അവൻ പ്രാർത്ഥിച്ചുക്കൊണ്ടിരുന്നപ്പോൾ.....വസ്ത്രം വെണ്മയോടെ ശോഭിച്ചു" (ലൂക്കാ. 9:29). മലയിലെ ഏകാന്തതയിലുള്ള പ്രാർത്ഥനയിൽ അവന്റെ മുഖം വെണ്മയോടെ ശോഭിച്ചു. പ്രാർത്ഥനയുടെ അവസരത്തിലെ അസ്വാഭാവിക രൂപമാറ്റം. ഇതുപോലെ മലയിൽ മുഖശോഭവന്ന ഒരു വ്യക്തിയെപ്പറ്റി ബൈബിളിൽ നാം വായിക്കുന്നുണ്ട്. "സീനായി മലയിൽനിന്നു മോശ ഇറങ്ങിവന്നപ്പോൾ അവന്റെ മുഖം സൂര്യനെപ്പോലെ ശോഭിച്ചു" (പുറ. 34:30). ദൈവവുമായുള്ള കൂടിക്കാഴ്ചയിലാണ് ഈ രൂപമാറ്റം സംഭവിക്കുന്നത്. മോശ ദൈവിക ശോഭയിൽ പങ്കുകാരനായപ്പോൾ ക്രിസ്തുവാകട്ടെ തന്റെ തന്നെ ദൈവികതയാണു വെളിപ്പെടുത്തിയത്. ശിഷ്യരെ ശാക്തീകരിക്കുന്നതിന് ഈ വെളിപാട് അനിവാര്യമായിരുന്നു. അതിനാലാണു സെദറായിൽ നാം ഇങ്ങനെ വായിക്കുക. "നിന്റെ ഹിതാനുസരണമുള്ള കഷ്ടപ്പാടുകളെപ്പറ്റി നിന്റെ ശിഷ്യൻമാർ ഇടറിപ്പോകാതിരിപ്പാൻ ഭാവിലോകത്തിന്റെ മഹിമയും പ്രതീക്ഷയും നീ അവർക്കു വെളിപ്പെടുത്തി" (പെങ്കീസാ, പ്രഭാതം, തേജസ്ക്കരണം, സെദറാ).

ഇതേ മലയുടെ അനുഭവത്തിലാണു ശിഷ്യർ മോശയും ഏലിയായും യേശുവിനോടു സംസാരിക്കുന്നതായി കണ്ടത് (ലൂക്കാ. 9:30-31). ക്രിസ്തുവിന്റെ മനുഷ്യാവതാരം എല്ലാ നിയമത്തിന്റെയും പ്രവചനത്തിന്റെയും പൂർത്തീകരണമാണ്. അതിനാലാണു ലൂക്കാ സുവിശേഷത്തിൽ നാം വായിക്കുക. "അടുത്തുതന്നെ ജറുസലേമിൽ നടക്കാനിരിക്കുന്ന കടന്നുപോകലിനെപ്പറ്റിയാണ് അവർ സംസാരിച്ചത്" (ലൂക്കാ. 9:31). ദൈവത്തിന്റെ രക്ഷാകര പ്രവൃത്തിയുടെ പൂർത്തീകരണം യേശു

വിന്റെ പീഡാസഹനത്തിലും കുരിശുമരണത്തിലും ഉത്ഥാനത്തിലു മാണ് നാം അനുഭവിക്കുന്നത്. അതുകൊണ്ടാണ് നിയമത്തിന്റെയും പ്രവാചകൻമാരുടെയും പ്രതീകമായി മോശയും ഏലിയായും അവിടെ പ്രത്യക്ഷപ്പെട്ടത്. ഇതിനാലാണു ക്രിസ്തു സുവിശേഷത്തിൽ ഇപ്രകാരം പറയുക. "നിയമത്തെയോ പ്രവാചകൻമാരെയോ അസാധുവാക്കുവാ നാണ് ഞാൻ വന്നിരിക്കുന്നതെന്നു നിങ്ങൾ വിചാരിക്കരുത്. അസാധു വാക്കാനല്ല പൂർത്തിയാക്കാനാണു ഞാൻ വന്നത്" (മത്താ. 5:17). ഇതു പോലൊരു കടന്നുപോക്കു നമ്മുടെ ജീവിതത്തിലും ഉണ്ട്. സഹന ത്തിന്റെയും ത്യാഗത്തിന്റെയും കടന്നുപോക്ക്. താബോർ മലയുടെ ദൈവാനുഭവമുള്ളവർക്കേ താഴ്‌വാരത്തിന്റെ സഹനം രക്ഷാകര മാക്കാൻ കഴിയൂ.

ഇതേ മലയിലെ ശിഷ്യന്മാരെപ്പറ്റി ലൂക്കാ സുവിശേഷകൻ ഇപ്രകാരം വിവരിക്കുന്നു. "അവർ നിദ്രാവിവശരായിരുന്നിട്ടും ഉണർ ന്നിരുന്നു" (ലൂക്കാ. 9:32). മലയുടെ ദൈവികതയിൽ ഉണർന്നിരുന്നാലെ ദൈവികത ദർശിക്കുവാൻ കഴിയുകയുള്ളൂ. ദർശിച്ചു കഴിഞ്ഞാൽപ്പിന്നെ മലയിറക്കം.

ക്രിസ്തു ശിഷ്യൻ ഗുരുവിന്റെ കാലടികളെ പിന്തുടരേണ്ടവനാണ്. ഗുരു കടന്നുപോയ പാതയിലൂടെ അവനെ അനുധാവനം ചെയ്യേ ണ്ടവൻ. ക്രിസ്തു മലയിൽ രൂപാന്തരപ്പെട്ടെങ്കിൽ അവന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട നമുക്കും അതിനു കഴിയും. അതിന് ആവശ്യം മലമുകളാണ്. അവിടുന്നു ശക്തി സ്വീകരിച്ചിറങ്ങി താഴെ മലയുടെ അടിവാരത്തിൽ വന്ന് സൗഖ്യം നൽകിയതുപോലെ അനേകർക്കു ജീവൻ നൽകാൻ നമുക്കു കഴിയണം. മലയിലേക്കു കയറി പ്പോയവരെല്ലാം ദൈവികതയിൽ ശക്തി സ്വീകരിച്ചു മറുരൂപപ്പെട്ട കഥ യാണ് ബൈബിളിൽ പറയുക. ഹോറേബിൽ പോയ മോശ ഇസ്രാ യേലിന്റെ വിമോചകനായി താഴേക്കു മലയിറങ്ങി. ഏശയ്യാ ധൈര്യ മില്ലാതെ മലയിൽ കയറി. എന്നാൽ ദൈവദർശനമുണ്ടായപ്പോൾ താഴെ

ധൈര്യസമേതം മലയിറക്കം നടത്തി; ഇസ്രായേലിന്റെ മോചനത്തിന്റെ പ്രവാചകശബ്ദമായി. ക്രിസ്തു മലയിലെ ദൈവാനു ഭവത്തിൽ നിന്നു താഴ്വാരത്തിലേക്കു ഇറങ്ങുന്നതായി നാം സുവിശേഷത്തിൽ വായിക്കുന്നു.

പലപ്പോഴും നാം ദൈവാനുഭവത്തിന്റെ മലകയറ്റത്തിനു വിമുഖത കാണിക്കുന്നു. അതല്ലെങ്കിൽ ദൈവാനുഭവത്തിന്റെ മലമുകളിൽ നിന്നു ജീവിത യാഥാർത്ഥ്യങ്ങളിലേക്കു ഇറങ്ങിവരാൻ വിമുഖത കാണിക്കുന്നു. അതല്ലെങ്കിൽ പ്രാപിച്ച ദൈവികത ജീവിതത്തിൽ പ്രായോഗികമാക്കാൻ കഴിയാതെ പോകുന്നു. ക്രിസ്തുവിന്റെ രൂപാന്തരീകരണം നമ്മുടെ മുമ്പിൽ ഉയർത്തുന്ന വലിയ ചോദ്യം ഇതാണ്. നിനക്കു രൂപാന്തരീകരണം സാധിക്കുമോ? സാധിക്കുമെങ്കിൽ മലയിൽ കയറി ദൈവവുമായി പ്രാർത്ഥനയിൽ ആയിരിക്കണം. അവിടെനിന്നു ശക്തി സ്വീകരിച്ചു ജീവിത യാഥാർത്ഥ്യങ്ങളുടെ താഴ്വരയിലേക്കു ഇറങ്ങണം. അങ്ങനെ പ്രാർത്ഥനയിലൂടെ ദൈവമഹത്വം ദർശിക്കുവാനും ആ മഹത്വത്തിന്റെ തേജസ്സ് നമ്മിലെ ദൈവിക ഭാവത്തിന്റെ പൂർണ്ണതയിൽ ജീവിക്കാനും സാധിക്കും,

# 2014 ആഗസ്റ്റ് 10

# തേജസ്ക്കരണത്തിനുശേഷം ഒന്നാം ഞായർ

മത്താ. 8:23-27; പുറ. 9:13-21; 1 രാജാ. 18:36-46; ഏശ. 43:1-7; യാക്കോ. 4:1-10; 2 കോരി. 3:12-18; മത്താ. 21:28-32.

**ബ്രദർ മെൽവിൻ മാത്യു ഒ. ഐ. സി.**

## ആമുഖം

മലങ്കര ആരാധന ക്രമത്തിലെ ആറാമത്തെ കാലഘട്ടമാണ് തേജസ്ക്കരണകാലം. മാമ്മോദീസായിലൂടെ ക്രിസ്തുവിന്റെ ദൗത്യത്തിൽ പങ്കുകാരായ നാം പെന്തിക്കുസ്താ കാലത്തിൽ സ്വീകരിച്ച പരിശുദ്ധാത്മ നൽവരങ്ങൾ ഉൾക്കൊണ്ടുകൊണ്ടു ക്രിസ്തുവിന്റെ മഹത്വീകരണത്തിൽ പങ്കുചേരുവാൻ ഈ കാലഘട്ടത്തിൽ തിരുസഭ നമ്മെ ആഹ്വാനം ചെയ്യുന്നു. രൂപാന്തരീകരണത്തിനുശേഷമുള്ള ഒന്നാം ഞായറാഴ്ചയായ ഇന്നു സഭ നമുക്കു വിചിന്തനത്തിനും ആത്മീയ ചൈതന്യത്തിനുമായി നൽകിയിരിക്കുന്ന വേദഭാഗം വി. മത്തായി എഴുതിയ സുവിശേഷം 21-ാം അദ്ധ്യായം 28 മുതൽ 32 വരെയുള്ള തിരുവചനങ്ങളാണ് - രണ്ടു പുത്രന്മാരുടെ ഉപമ.

## പശ്ചാത്തലം

മത്തായിയുടെ സുവിശേഷത്തിന്റെ ക്രമമനുസരിച്ച് യേശുവും യഹൂദ പ്രമാണികളും തമ്മിലുള്ള അന്തിമ സംവാദത്തിന്റെ ആരംഭ ഭാഗമാണു മത്തായി 21:18-32. പഴയ ഇസ്രായേലിന്റെ തിന്മ എന്തെന്ന് വെളിപ്പെടുത്തുകയാണു മൂന്ന് ഉപമകളിലൂടെ (21:28-22; 14). ഈ വിവാദത്തിന് ആരംഭം കുറിക്കുന്നത് യഹൂദപ്രമാണികൾ യേശുവിന്റെ അധികാരത്തെ ചോദ്യം ചെയ്യുന്നതോടെയാണ് (21:23-27). ആ ചോദ്യത്തിനു മറുപടി കൂടിയാണ് ഈ ഉപമകൾ. അതിൽ ഒന്നാമത്തേതാണ് ഇന്നത്തെ സുവിശേഷഭാഗം.

### പ്രമേയം

ദൈവഹിതം അറിഞ്ഞാൽ മാത്രം പോരാ അത് അനുഷ്ഠിക്കുകയും വേണം. മുന്തിരിത്തോട്ടത്തിലേക്കു പോകാൻ വിസമ്മതിച്ചെങ്കിലും പിന്നീട് പശ്ചാത്തപിച്ച് അങ്ങോട്ടു പോയ മകനാണ് പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നത്. പോകാൻ സമ്മതിച്ചിട്ടു പോകാതിരുന്ന മകൻ പിതാവിന്റെ ഇഷ്ടം അറിഞ്ഞിട്ടും ചെയ്യാതിരുന്നവനാണ്. വാക്കല്ല പ്രവൃത്തിയാണ് അർഹത നൽകുന്നത്.

### വിചിന്തനം

1. മുന്തിരിത്തോട്ടത്തിൽ പോകാമെന്ന് പറയുന്ന മൂത്ത മകൻ ഭംഗിവാക്കു പറയുകയാണ്. ഭംഗിവാക്കു പറയുകയും മറ്റുള്ളവരെ സുഖിപ്പിക്കുകയും ചെയ്യുന്ന സംസ്ക്കാരം വളർന്നു വരുകയാണ്. അതിൽ ആത്മാർത്ഥതയുടെ തോതിന് കുറവുണ്ട്. നമ്മുടെ വാക്കും പ്രവൃത്തിയും തമ്മിൽ അന്തരമില്ലാത്തിടത്താണു നമ്മൾ യഥാർത്ഥ സുവിശേഷകരായി മാറുന്നത്. പലപ്പോഴും നമ്മുടെ വിശ്വാസ ബോധ്യങ്ങളും നമ്മുടെ ജീവിതവും തമ്മിൽ ഇത്തരത്തിലുള്ള ഒരു അന്തരം കാണപ്പെടുന്നു. ഇതു സുവിശേഷവത്ക്കരണത്തിനും ദൈവരാജ്യസംസ്ഥാപനത്തിനും വിഘാതമായാണു പലപ്പോഴും വർത്തിക്കുന്നത്. ചുങ്കക്കാരുടെയും വേശ്യകളുടെയും നന്മ അവർ യോഹന്നാന്റെ വാക്കുകളിൽ വിശ്വസിച്ചു എന്നതാണ് (21:32). അതുകൊണ്ടാണ് പാപികളായിരുന്നിട്ടും അവർ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാൻ യോഗ്യരായത്. വിശ്വാസവും ജീവിതവുമാണ് അവരെ അവിടെ എത്തിച്ചത്. നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന വീഴ്ചകളല്ല, പിന്നെയോ വീഴ്ചകളിൽ നിന്ന് എഴുന്നേൽക്കുന്നുണ്ടോ എന്നതാണ് പ്രധാനം. ഈ ഉപമയിലെ രണ്ടാമത്തെ പുത്രന്റെ ശ്രേഷ്ഠത അതുതന്നെയാണ്.

2. ദൈവതിരുവചനം വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഒരു സമർപ്പണം ആകണം. അതു ജീവിതഗന്ധിയാകണം. പലപ്പോഴും ദൈവസന്നിധിയിൽ നാം ഏറ്റെടുക്കുന്ന തീരുമാനങ്ങൾ പ്രതിജ്ഞകൾ വിഫലമായി പോകുന്നതിന്റെ കാരണം അതു ജീവിതത്തിൽ വേരൂന്നിയവയല്ലാത്തതുകൊണ്ടാണ്. രണ്ടു പുത്രന്മാരുടെ ഉപമയിൽ ഒന്നാമൻ

"ഞാൻ പോകാം" (21:29) എന്നു പറഞ്ഞിട്ടു പോകാതിരുന്നതിനു കാരണം ഇതുതന്നെ. ദൈവത്തിന്റെ അരുളപ്പാടുകൾ നമ്മെ സ്പർശിക്കാതെ അകന്നു നിൽക്കുന്ന ഒരു അവസ്ഥയായിട്ടാണു പലപ്പോഴും പരിണമിക്കുന്നത്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, ദൈവസന്നിധിയിൽ നിന്നു നമുക്കു ലഭിച്ച കൽപ്പനകൾ (നമ്മുടെ വിശ്വാസ സംഹിതകൾ) എന്റെ ബോധ്യമായി, ജീവിതമായി മാറണം. അങ്ങനെ സംഭവിക്കുമ്പോൾ മാത്രമാണ് ദൈവഹിതത്തിനുവേണ്ടി എന്റെ ജീവിതം ബലിയർപ്പിക്കുവാൻപോലും ഞാൻ തയ്യാറാകുന്നത്. കാരണം, ദൈവഹിതം എന്നത് എന്റെ ജീവിതമായി മാറിക്കഴിഞ്ഞു. "ഇതാ കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!" (ലൂക്കാ 1:38) എന്ന മറിയത്തിന്റെ സമർപ്പണം കേവലം ഒരു ഏറ്റുപറച്ചിലോ, ഭംഗിവാക്കോ ആയിരുന്നില്ല. പിന്നെയോ, അതു പൂർണ്ണവും നിസ്വാർത്ഥവുവമായ ഒരു സമർപ്പണമായിരുന്നു. ഗെത്സമേനിയിലെ യേശുവിന്റെ പ്രാർത്ഥന "എന്റെ ഹിതം പോലെയല്ല അവിടുത്തെ ഹിതം പോലെയാകട്ടെ" (മത്താ. 26:39) കാൽവരിയോളം നീണ്ടുനിന്ന ഒരു സമർപ്പണമായിരുന്നു. ദൈവവചനത്തെ സ്വീകരിക്കുക വഴി ആദ്യശിഷ്യന്മാർക്കുണ്ടായതുപോലെ ഒരു ഹൃദയപരിവർത്തനം, Metanoia സംഭവിക്കുമ്പോൾ മാത്രമാണ് ശിഷ്യന്മാരെപ്പോലെ, ആദ്യ സഭാംഗങ്ങളെപ്പോലെ ഈ ദൈവവചനത്തെപ്രതി സ്വന്തം ജീവിതം ബലികൊടുക്കുവാൻപോലും തയ്യാറാകുന്ന ഒരു ആഴമേറിയ ബോധ്യം നമുക്കു ലഭിക്കുന്നത്. ആയതിനാൽ ഒരു ഹൃദയപരിവർത്തനത്തിന്, ആഴമായ ദൈവാനുഭവത്തിന് ആയിരിക്കണം നാം ഊന്നൽ നൽകേണ്ടത്.

3. ഈ സുവിശേഷഭാഗത്തിൽ യേശു ആ കാലഘട്ടത്തിൽ ജീവിച്ചിരുന്ന ഫരിസേയരെ അവരുടെ ഹൃദയകാഠിന്യം കണ്ടു ശാസിക്കുന്ന മൂന്ന് ഉപമകളിൽ ഒന്നാണിത്. ഫരിസേയരെ യേശു "കപട നാട്യക്കാരെ" (മത്താ. 23:13) എന്നു വിളിക്കുന്നതിനു കാരണം അവരുടെ വാക്കും പ്രവൃത്തിയും തമ്മിലുള്ള ആ വലിയ വ്യത്യാസത്തെ ചൂണ്ടിക്കാട്ടിയാണ്. ഈ അർത്ഥത്തിൽത്തന്നെയാണ് "വെള്ളയടിച്ച കുഴിമാടങ്ങളെ" (മത്താ. 23:27) എന്നും യേശു അവരെ വിളിക്കുന്നത്. ഈ ഉപമയിലെ ഒന്നാമത്തെ പുത്രൻ ഈ ഫരിസേയ മനോഭാവത്തെയാണ് സൂചിപ്പി

ക്കുന്നത്. ആ കാലഘട്ടത്തിലെ ഫരിസേയരെപ്പോലെ പൊതുസ്ഥല ങ്ങളിൽ അഭിവാദ്യം സ്വീകരിക്കുവാനും വിരുന്നുകളിൽ അഗ്രാസന ങ്ങൾ ലഭിക്കുവാനും, സിനഗോഗുകളിൽ (ദേവാലയം) മുഖ്യസ്ഥാനം ലഭിക്കുവാനും നമ്മളും ആഗ്രഹിക്കുന്നില്ലേ? പലപ്പോഴും നമ്മുടെ പ്രാർത്ഥനകളും ആചാരങ്ങളും കേവലം അധര വ്യായാമവും അനുഷ്ഠാ നവുമായി ചുരുങ്ങിപ്പോകുന്നില്ലേ എന്നു നാം തന്നെ ആത്മശോധന ചെയ്യേണ്ട കാര്യമാണ്. മാമ്മോദീസാവഴി സഭയുടെ അംഗങ്ങളായി ജീവിക്കുന്ന സത്യക്രിസ്ത്യാനികളെന്ന് അവകാശപ്പെടുന്ന നാം ഓരോ രുത്തരും ഇത്തരത്തിലുള്ള ഒരു ഫരിസേയ മനോഭാവത്തിന്റെ ഉടമ കളാണോ എന്നു വിചിന്തനം ചെയ്യാം.

## ഉപസംഹാരം

തേജസ്ക്കരണ കാലഘട്ടത്തിലൂടെ പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്കപ്പെടുവാൻ സഭ നമ്മെ ക്ഷണിക്കുകയാണല്ലോ. ദൈവ വചനം പൂർണ്ണമായി ഗ്രഹിക്കുവാൻ നമുക്കു നമ്മെത്തന്നെ ദൈവ സന്നിധിയിൽ വിട്ടുകൊടുക്കാം. ദൈവവചസ്സുകളെ ഹൃദയത്തിൽ പേറു വാനും ഒരു പൂർണ്ണമായ ഹൃദയപരിവർത്തന അനുഭവത്തിലൂടെ ദൈവ ത്തിന്റെ ജീവിക്കുന്ന സാക്ഷികളായി മാറുവാനും അങ്ങനെ അത് പകുത്തു നൽകുവാനും കഴിയുന്ന യഥാർത്ഥ സുവിശേഷകരായി നമുക്കു മാറാം. നമ്മുടെ പ്രാർത്ഥനകളും വിശ്വാസ ജീവിതവും കേവലം ഒരു ആചാരമോ ഭംഗിവാക്കോ ആയി ഒതുങ്ങിനിൽക്കാതെ അത് ദൈവ സമർപ്പണത്തിൽനിന്നു അടിസ്ഥാനപ്പെട്ട ഒരു ജീവിതമായി പരിണ മിക്കട്ടെ. 'സുവിശേഷത്തിന്റെ ആനന്ദം' ലോകമെങ്ങും സുവിശേഷം പ്രഘോഷിക്കുവാൻ നമുക്കു ശക്തി നൽകട്ടെ. ഈ തേജസ്ക്കരണ കാലഘട്ടത്തിൽ ഈ ദൈവിക തേജസ്സിനെ സ്വന്തമാക്കിക്കൊണ്ട്, നമ്മുടെ ജീവിതത്തിൽ ദൈവിക മൂല്യങ്ങളെ സമന്വയിപ്പിച്ചുകൊണ്ട് ഉത്തമ ക്രിസ്തുശിഷ്യരായി നമുക്കു മാറാം.

# 2014 ആഗസ്റ്റ് 15
# ശൂനോയോ പെരുന്നാൾ
# (പരി. ദൈവമാതാവിന്റെ സ്വർഗ്ഗാരോപണം)

മത്താ. 12:46-50; ഉൽപ. 3:14-19; ജോഷ്വാ 4:1-14; ഏശ. 45:14-19; വെളി. 12:13-18; ഹെബ്രാ.11:1-7; ലൂക്കാ. 1:39-56

**ബ്രദർ മനു വർഗ്ഗീസ് ഒ. ഐ. സി.**

"ഇതാ ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും." ലൂക്കാ. 1:48

## ആമുഖം

വി. സഭ ആചരിക്കുന്ന തിരുനാളുകളിൽ പ്രാധാന്യം അർഹിക്കുന്ന തിരുനാൾ ആണ് പരി. കന്യകാമറിയത്തിന്റെ സ്വർഗാരോപണത്തിരുന്നാൾ. പതിനഞ്ചു ദിവസത്തെ വ്രതശുദ്ധിയോടുകൂടി വിശ്വാസിഗണം ഈ തിരുനാൾ ആചരിക്കുന്നു. മാതാവിന്റെ സ്വർഗാരോപണവുമായി ബന്ധപ്പെട്ട വിവരണങ്ങൾ വി. ഗ്രന്ഥത്തിൽ ഇല്ലെങ്കിലും ആദികാലം മുതൽക്കുതന്നെ വി. സഭയിൽ ആചരിക്കുന്ന ഒരു തിരുനാൾ ആണിത്. ഈ തിരുനാളിലൂടെ മറിയത്തിനു കൈവന്ന ഭാഗ്യത്തെ സഭാമക്കൾ പ്രകീർത്തിക്കുന്നു. ഈ തിരുന്നാൾ 'ശൂനോയോ' എന്നറിയപ്പെടുന്നു. ഈ വാക്കിന്റെ അർത്ഥം 'വാങ്ങിപ്പോകൽ', 'കുടിയേറിപ്പാർക്കൽ' എന്നൊക്കെയാണ്. പരി. മറിയത്തിന്റെ മരണശേഷം ആത്മശരീരങ്ങളോടൊപ്പം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്ന സത്യം സഭ സംശയമെന്യേ പഠിപ്പിക്കുന്നു. 1950-ൽ പരി. പിതാവ് 12-ാം പീയൂസ് മാർപ്പാപ്പ 'മുനിഫിചെന്തേസിമൂസ് ദേവൂസ്' എന്ന തിരുവെഴുത്തിലൂടെ ഈ വിശ്വാസസത്യം ഔദ്യോഗികമായി പ്രഖ്യാപിച്ചു.

## സന്ദർഭം

പരി. മറിയത്തിന്റെ സ്വർഗാരോപണവുമായി ബന്ധപ്പെട്ട ഒരു ഐതീഹ്യം ഇപ്രകാരമാണ്. മറിയത്തിന്റെ മരണവാർത്ത അറിഞ്ഞ

വി. തോമാശ്ലീഹ ഇന്ത്യയിൽ നിന്ന് പുറപ്പെട്ടുവെങ്കിലും വൈകിയെത്തിയതുമൂലം മാതാവിന്റെ സംസ്കാരകർമ്മങ്ങളിൽ പങ്കെടുക്കുവാൻ സാധിച്ചില്ല. അവിടെ എത്തിയപ്പോഴേക്കും മാതാവിന്റെ ശരീരവുമായി മാലാഖമാർ സ്വർഗ്ഗയാത്ര ചെയ്യുകയായിരുന്നു. വൈകിവന്ന തോമാശ്ലീഹായ്ക്ക് മാതാവിന്റെ ഇടക്കെട്ട് നൽകപ്പെട്ടു എന്നാണ് വിശ്വാസം. അതിനാലാണ് പൗരസ്ത്യ സഭയിൽ വണങ്ങപ്പെടുന്ന മാതാവിന്റെ ചിത്രങ്ങളിൽ സൂനോറോ-ഇടക്കെട്ട് - ഇല്ലാത്തതായി ചിത്രീകരിക്കുന്നത്.

## പ്രമേയം

ഇന്നത്തെ തിരുവചനഭാഗത്ത് (ലൂക്കാ. 1:39-56) മറിയത്തിന്റെ വ്യത്യസ്തഭാവങ്ങൾ സഭ വിചിന്തനത്തിനു വിധേയമാക്കുന്നു. ദൈവവചനത്തെ ഉദരത്തിൽ വഹിക്കുന്നതിനു പൂർണ്ണമായ സമ്മതം നൽകിയതിനുശേഷം ശുശ്രൂഷയുടെ പ്രത്യേക നിയോഗവും പേറി തന്റെ ചാർച്ചക്കാരി ഏലിശുബാപുണ്യപതിയെ സന്ദർശിക്കുന്നു. മറിയത്തിനും, തന്റെ ചാർച്ചക്കാർക്കും നൽകപ്പെട്ട അനുഗ്രഹത്തിന്റെ പേരിൽ അവൾ സ്തോത്രഗീതം ആലപിക്കുന്നു. ഈ പരിശുദ്ധമായ തിരുനാളിന്റെ ആചരണത്തിലൂടെ വി. മറിയത്തിന്റെ ജീവിതത്തിൽ വിളങ്ങി ശോഭിച്ചിരുന്ന പുണ്യങ്ങൾ ജീവിതത്തിൽ സ്വീകരിച്ചുകൊണ്ട് ഈ ജീവിതത്തിനപ്പുറമുള്ള വലിയ സൗഭാഗ്യത്തിലേക്ക് പ്രവേശിക്കുന്നതിനു നമുക്ക് ഒരുങ്ങാം.

## സന്ദേശം

മംഗളവാർത്തയിൽനിന്ന് സ്വർഗ്ഗാരോപണത്തിലേക്കുള്ള യാത്രയിൽ മറിയം പിന്നിടുന്ന നാഴികക്കല്ലുകൾ ദൈവതിരുമനസ്സിനു അവൾ പൂർണ്ണമായി സമർപ്പിച്ചതിന്റെ നേർകാഴ്ചയും, അവളുടെ ജീവിതസാഫല്യത്തിന്റെ ചവിട്ടുപടികളും ആയിരുന്നു. തന്നെ പൂർണ്ണമായി സമർപ്പിച്ചതുവഴി തിരുവചനത്തെ ഉള്ളിൽ സ്വീകരിച്ച് കർത്താവിന്റെ രക്ഷാകരസംഭവത്തിൽ നിർണായകമായ പങ്കുവഹിച്ച മറിയത്തിന് സ്വർഗ്ഗാരോപണം തനിക്കു നൽകപ്പെട്ട പരമോന്നതമായ അംഗീകാരം ആണ്. മറിയത്തിന്റെ മുമ്പിൽ ഗബ്രിയേൽ ദൂതൻ പ്രത്യക്ഷപ്പെട്ട് മംഗളവാർത്ത അറിയിച്ചപ്പോൾ തെല്ലു സംശയം പ്രകടിപ്പിച്ചെങ്കിലും ദൃഢമായ തീരുമാനത്തിലൂടെ അവൾ ദൈവപദ്ധതിയ്ക്ക് സമ്മതം മൂളുകയാണ്. 'ഇതാ

ഞാൻ കർത്താവിന്റെ ദാസി' എന്ന് ഏറ്റുപറയുന്നതു വഴി തന്റെ പൂർണ്ണമായ വിധേയത്വത്തിന്റെ ഭാഷയിലൂടെ അവൾ സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ വചനത്തിനു ഉള്ളിൽ സ്ഥലം ഒരുക്കി. താൻ ജീവിച്ചിരുന്ന സാഹചര്യത്തിൽ വളരെ ധൈര്യപൂർവ്വം ദൈവപദ്ധതിക്ക് വഴങ്ങിയ അവളെ സ്വർഗ്ഗം സ്വീകരിച്ചത് അവൾക്ക് നൽകപ്പെട്ട പരമോന്നതമായ അംഗീകാരം ആണ്. 'ദൈവത്തോടുകൂടി നടന്ന' ഹാനോക്കും (ഉൽപ്പ. 5:24, ഹെബ്രാ. 11:5-6) ദൈവത്തിന്റെ പ്രവാചകനായ ഏലിയായും സ്വർഗ്ഗത്തിലേക്കു കരേറ്റപ്പെട്ടെങ്കിൽ (2 രാജാ. 2:11), വചനമായ ദൈവത്തെ ഉദരത്തിൽ വഹിക്കുകയും, രക്ഷാകരമായ ബലിയിലൂടെ ചിന്തപ്പെട്ട രക്തവും ചിതറിയ ശരീരവും രക്ഷകനു നൽകിയ വി. മറിയം മരണത്തോടുകൂടി സ്വർഗ്ഗത്തിലേക്കു കരേറ്റപ്പെട്ടത് മഹാസത്യം തന്നെയാണ്. "അവളുടെ മരണത്തിനു ശേഷം അവളുടെ ശരീരം ചിതലിനും പുഴുവിനും കൂടായിത്തീരാതെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടതിനുകാരണം വചനമായ ദൈവത്തിനു വാസസ്ഥലം ഒരുക്കിയതിനാലാണെന്ന്" കോൺസ്റ്റാന്റിനോപ്പിളിലെ വി. ജർമാനുസ് സാക്ഷിക്കുന്നു. ദൈവത്തിനുവേണ്ടി പൂർണ്ണമായി സമർപ്പിക്കപ്പെട്ടെങ്കിൽ അവളുടെ മരണസമയത്ത് രണ്ടു കയ്യും നീട്ടി താനായിരുന്ന സ്ഥലത്തേക്ക് മാതാവിനെ ആനയിച്ചു എന്നതാണ് നാം മനസ്സിലാക്കേണ്ടത്. വി. ജോൺ ഡമഷീൻ പറയുന്നു. "കന്യകയിൽ നിന്ന് സ്വീകരിച്ച ദൈവപുത്രന്റെ ശരീരം കബറിൽനിന്ന് പുനരുത്ഥാനം ചെയ്തതുപോലെ മാതാവ് മകനോടുകൂടി ചേരേണ്ടതാണ്. അവിടുന്ന് അവളുടെ സന്നിധിയിലേക്ക് ശാശ്വതഭവനത്തിലേക്ക് ആനയിക്കപ്പെട്ടു." ഈ വലിയ രഹസ്യം ഈ തിരുനാളിന്റെ ആചരണത്തിലൂടെ സഭ പ്രഘോഷിക്കുന്നു.

മനുഷ്യത്വത്തിനു വരാനിരിക്കുന്ന തേജസ്സ് അതായത് പാപം ചെയ്യുന്നതിനുമുൻപ് മനുഷ്യനുണ്ടായിരുന്ന ദൈവത്തിന്റെ പ്രതിരൂപവും പ്രതിഛായയും വീണ്ടെടുക്കാൻ മനുഷ്യനു സാധിക്കും. അത് മനുഷ്യജീവിതത്തിന്റെ ലക്ഷ്യമാണെന്ന് ഈ പെരുന്നാൾ നമ്മെ ഓർമ്മിപ്പിക്കുന്നു. അതിനുവേണ്ടിയുള്ള തയ്യാറെടുപ്പ് മറിയത്തിന്റെ ജീവിതത്തിലെ പുണ്യങ്ങൾ അനുസരിച്ചാകണം എന്നു മാത്രം. മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻ സ്വർഗാരോഹണം ചെയ്ത് പിതാവിന്റെ വലതുഭാഗത്ത് നിത്യതയിൽ ഉപവിഷ്ടനായത് മനുഷ്യത്വത്തിനു ലഭിച്ച,

മനുഷ്യർക്കു ലഭിക്കാനിരിക്കുന്ന മഹത്വത്തിന്റെ പ്രതീകമായിരുന്നെങ്കിൽ അതിന്റെ പൂർണ്ണത മറിയത്തിന്റെ സ്വർഗാരോപണത്തിലൂടെ നിറവേറി. ഇതിലൂടെ സഭ പഠിപ്പിക്കുന്നത് മരണം ഒന്നിന്റേയും അന്ത്യമല്ല മറിച്ച് ജീവന്റെ പ്രകാശവും സമൃദ്ധിയുടെ ഉറവിടവുമാണ് എന്നാണ്. മറിയത്തിന്റെ വേർപാട് വേദനയല്ല മറിച്ച് ആഹ്ലാദം ആണ് പ്രദാനം ചെയ്യുന്നത്. ആ വേർപാടിലൂടെ വിശാലവും അതിലേറെ വിശുദ്ധവുമായ അനുഭവത്തിലേക്ക് മാതാവ് പ്രവേശിച്ചു. അവിടെ മറവില്ല, മതിലുകൾ ഇല്ല, വേർപാടിന്റെ നൊമ്പരമില്ല. ഏകാന്തതയുടെ വേദിയല്ല, മറിച്ച് കൂട്ടായ്മയുടെ, സന്തോഷത്തിന്റെ അനുഭവവേദിയാണ് അത്.

ഇന്നത്തെ സുവിശേഷഭാഗത്തിലൂടെ സഭ നമ്മെ ഓർമ്മിപ്പിക്കുന്നത് വിശ്വാസികളായ ഓരോ മനുഷ്യനും മറിയത്തിന്റെ ജീവിതത്തിലെ പുണ്യങ്ങൾ അഭ്യസിക്കണം എന്നുള്ളതാണ്. ദൈവപദ്ധതിക്കുവേണ്ടി മനസ്സുതുറക്കാനും അതിന്റെ പൂർത്തീകരണത്തിനുവേണ്ടി സമ്മതം മൂളിക്കൊണ്ട്, ശരിയായി ജീവിതസമർപ്പണം നടത്തുന്നതിനും തയ്യാറായിക്കൊണ്ട് എളിയവരോടൊപ്പം ആയിരിക്കുമ്പോൾ ശുശ്രൂഷാ ജീവിതത്തിലൂടെയും പ്രാർത്ഥനാ ജീവിതത്തിലൂടെയും കർത്താവിനെ പിൻചെല്ലുമ്പോൾ ദൈവത്തിന്റെ പ്രതിഛായയായി നാം രൂപാന്തരപ്പെടുന്നു. അവർക്ക് ജീവിതം സ്വർഗ്ഗവും മരണം സ്വർഗാരോപണത്തിലേക്കുള്ള വാതിലും ആയിത്തീരുന്നു. അവർക്ക് സ്വർഗാരോപണം ജീവിതത്തിന്റെ പരിപൂർണ്ണ സാഫല്യമായിത്തീരും.

## ഉപസംഹാരം

സൃഷ്ടിയുടെ മകുടമായ മനുഷ്യന്റെ അനശ്വരജീവിതവും ഭാവിഭാഗധേയവും എവിടെ എത്തിനിൽക്കണം എന്നുള്ളതാണ് സ്വർഗാരോപണത്തിരുനാളിലൂടെ നാം അനുസ്മരിക്കുന്നത്. സ്വർഗരാജ്യത്തിലെ ജനനത്തെ സ്വപ്നം കണ്ടുകൊണ്ട് ജീവിക്കുവാൻ ഇന്ന് സഭ നമ്മെ ഓർമ്മിപ്പിക്കുന്നു. വി. മറിയത്തിന്റെ മാതൃക നമുക്ക് ജീവിതത്തിൽ അനുകരിക്കാം. ദൈവത്തിനു സമർപ്പിക്കുന്നതുവഴി വിശുദ്ധ കൂദാശകളിലൂടെ ശക്തി സംഭരിച്ച് ദൈവത്തെ ഭാഗധേയമാക്കി മാറ്റുമ്പോൾ ഓരോ മനുഷ്യനും സ്വർഗ്ഗത്തിലേക്ക് കരേറ്റപ്പെടുന്നു. അതിനുവേണ്ടി വി. മറിയത്തിന്റെ മദ്ധ്യസ്ഥതയിൽ നമുക്കു പ്രാർത്ഥിക്കുകയും ഒരുങ്ങുകയും ചെയ്യാം.

# 2014 ആഗസ്റ്റ് 17
# തേജസ്ക്കരണത്തിനുശേഷം രണ്ടാം ഞായർ

മർക്കോ. 12:18-27; പുറ. 23:20-26; ജോഷ്വാ 1:10-18; ഹോസി. 11:1-6; യാക്കോ. 5:7-12; ഫിലിപ്പി. 4:10-14; മർക്കോ. 12: 28-34

ബ്രദർ ജോസഫ് ആഞ്ചലോ ഒ. ഐ. സി.

## ആമുഖം

ക്രിസ്തുസന്ദേശത്തിന്റെ അടിസ്ഥാനവും അന്തസത്തയും സ്നേഹമാണ്. സ്നേഹമാണു മറ്റെന്തിന്റേയും മാനദണ്ഡം. നിയമങ്ങൾ ഉരിത്തിരിയുന്നതും അഴിക്കപ്പെടുന്നതുമെല്ലാം സ്നേഹമെന്ന അളവു കോലിന്മേലാണ്. ദൈവപിതാവിന്റെ മക്കളെന്ന ബന്ധത്തിൽ, സഹോദരതുല്യം പരസ്പരം സ്നേഹിക്കാൻ കടപ്പെട്ടിരിക്കുന്ന മനുഷ്യകുലത്തിനു മുമ്പിൽ സ്നേഹപ്രകടത്തിന്റെ ഏറ്റവും നല്ല മാതൃകയും ആ ദൈവം തന്നെയാണ്. യേശുവിന്റെ രൂപാന്തരീകരണത്തിനുശേഷം രണ്ടാമത്തെ ഞായർ 'സാമൂഹ്യനീതി' ഞായർ ആയി തിരുസ്സഭ ആചരിക്കുമ്പോൾ, പരസ്നേഹത്തിന്റെ തീപ്പൊരികൾ ഹൃദയങ്ങളിൽ ജ്വലിക്കുക എന്ന ലക്ഷ്യത്തോടെയാണ് തിരുസ്സഭാമാതാവു വി. മർക്കോസിന്റെ സുവിശേഷം 12-ാം അദ്ധ്യായം 28-34 വരെയുള്ള വാക്യങ്ങൾ നമ്മുടെ ചിന്തയ്ക്കായി നല്കിയിരിക്കുന്നത്. അതോടൊപ്പം, നമുക്കു നല്കപ്പെട്ടിരിക്കുന്ന ലേഖനഭാഗമായ വി. പൗലോസ് ശ്ലീഹാ ഫിലിപ്പിയർക്കെഴുതിയ ലേഖനം 4-ാം അദ്ധ്യായം 10-14 വരെയുള്ള വാക്യങ്ങൾ, ഈ പരസ്നേഹത്തിന്റെ അതേ ദൈവശാസ്ത്രം പകർന്നു നല്കുന്നവയാണ്.

## പ്രമേയം, പശ്ചാത്തലം

വി. മർക്കോസിന്റെ സുവിശേഷത്തിന്റെ ആദ്യഭാഗം (1, 16-8, 33) 'യേശു ആരാണ്?' എന്ന ചോദ്യത്തിന്റെ ഉത്തരം കണ്ടെത്തുകയാണ്.

യേശു ദൈവപുത്രൻ എന്ന പത്രോസിന്റെ വിശ്വാസ പ്രഖ്യാപനമാണു അതിന്റെ പാരമ്യം. ഈ ദൈവപുത്രനായ യേശുക്രിസ്തുവിന്റെ ശിഷ്യത്വത്തിലേക്കുള്ള വിളിയാണ് രണ്ടാമത്തെ ഭാഗം. ഈ ഭാഗത്താണ് യേശുവിന്റെ സ്നേഹത്തെക്കുറിച്ചുള്ള പഠിപ്പിക്കൽ നാം കാണുന്നത്. ക്രിസ്തു ശിഷ്യത്വത്തിന് അത്യന്താപേക്ഷിതമായ സ്നേഹത്തിന്റെ സുവർണ്ണനിയമം യേശു നല്കുകയാണിവിടെ.

പുനരുത്ഥാനത്തെക്കുറിച്ചുള്ള വിവാദം (ഏഴു സഹോദരന്മാരെയും വിവാഹം ചെയ്തിട്ടും സന്താനഭാഗ്യമില്ലാതെ മരിച്ച യുവതിയുടെ പുനരുത്ഥാനം-12:18-27) അവസാനിക്കുന്നിടത്തു നിന്നാണ് ഈ ഭാഗം ആരംഭിക്കുന്നത്. യഥാർത്ഥത്തിൽ ആ ഭാഗത്തിന്റെ തുടർച്ചയായി തന്നെ ഇതിനെ കാണാം. മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള സംശയങ്ങൾക്കുള്ള മറുപടിയ്ക്കുശേഷം സുവിശേഷകൻ പരസ്നേഹത്തെ സംബന്ധിക്കുന്ന ഭാഗം അവതരിപ്പിക്കുന്നതിലെ ഔചിത്യം വളരെ ദൈവശാസ്ത്രപരമാണ്. നിത്യജീവിതത്തിലേക്കു നമ്മെ നയിക്കുന്നത് സ്നേഹമാണ് എന്നു വ്യംഗ്യം.

“അവിടുന്നു മരിച്ചവരുടെയല്ല, ജീവിക്കുന്നവരുടെ ദൈവമാണ്” (v.27) എന്നു പറഞ്ഞവസാനിപ്പിക്കുന്നിടത്ത്, ഒരു നിയമജ്ഞൻ യേശുവിനോടു വന്നു ചോദിക്കുന്നു. “എല്ലാറ്റിലും പ്രധാനമായ കല്പന ഏതാണ്?” (v.28) യഹൂദപാരമ്പര്യത്തിലെ നിയമങ്ങൾക്കും കല്പനകൾക്കും നല്കുന്ന പ്രാധാന്യവും സ്ഥാനവുമാണ് ഈ ചോദ്യത്തിന്റെ സാംഗത്യം. ഇതിനു മറുപടിയാണ് യേശു നല്കുന്ന ‘സുപ്രധാന കല്പനകൾ.’

## സന്ദേശം

## <u>കല്പനകൾ സ്നേഹത്തിന്റെ ഉടമ്പടിയുടെ അടയാളം</u>

പത്തു കല്പനകൾ നല്കപ്പെട്ടത് ഉടമ്പടിയുടെ അടയാളമായിട്ടാണ്-ദൈവമനുഷ്യബന്ധത്തിന്റെ, പ്രത്യേകിച്ച്, പഴയ ഇസ്രായേലിനു യഹോവയുമായുള്ള ബന്ധത്തിന്റെ അടയാളം. പൂർവ്വപിതാക്കന്മാരോടു യഹോവ ചെയ്ത വാഗ്ദാനം പൂർത്തീകരിക്കുന്നതിനു അവൻ കാലാ

കാലം തന്റെ ജനത്തോടൊപ്പം രക്ഷാകരചരിത്രത്തിലൂടെ സഞ്ചരിച്ചു. ചെറിയ ജനമായ ഇസ്രായേലിനെ മനുഷ്യകുലത്തോടുള്ള സ്നേഹത്തിന്റെ പ്രകടനത്തിനായി തിരഞ്ഞെടുത്തു. തേനും പാലും ഒഴുകുന്ന നാട്ടിലേക്കു അവരെ നയിച്ചു. 'നിങ്ങൾ എന്റെ ജനവും ഞാൻ നിങ്ങളുടെ ദൈവവുമായിരിക്കും' എന്ന വാക്ക് അവൻ ആ യാത്രയിലും അതിനു ശേഷവും കാത്തുസൂക്ഷിച്ചു. ദൈവത്തിന്റെ ഈ സ്നേഹത്തിനു ഫലകമായി അവൻ അവരുടെ പുറപ്പാടു മദ്ധ്യേ ഒരു അടയാളം സ്ഥാപിച്ചു. ആ അടയാളം ഒരു ഉടമ്പടിയാക്കി തീർത്തു. അങ്ങനെ സ്നേഹത്തിന്റെ പരസ്പരപൂരകത്വത്തെ എടുത്തുകാണിക്കുന്ന ഒരു ഉടമ്പടി രൂപപ്പെട്ടു. അതിനു ദൈവത്തിന്റെ പ്രേരണയും മനുഷ്യന്റെ പ്രതികരണവും ഉണ്ടായി. ദൈവത്തിന്റെ അനന്തവും അളവില്ലാത്തതുമായ സ്നേഹത്തിനുള്ള ജനങ്ങളുടെ മറുപടിയാണ് 10 കല്പനകൾ എന്നു സാരം. അതിനാൽ കല്പനകൾ ഒരിക്കലും ബന്ധനങ്ങളല്ല, ബന്ധങ്ങളുടെ ആവിഷ്കാരമാണ്, ബന്ധങ്ങൾക്കു ദൃഢത കൈവരുത്തുന്ന ഉടമ്പടിയാണ്. പഴയനിയമത്തിൽ നല്കപ്പെട്ട ഈ ഉടമ്പടിയുടെ പൂർത്തീകരണമാണു പുതിയനിയമത്തിലെ കല്പനകളുടെ സംഗ്രഹം. സ്നേഹത്തിൽ ജനിക്കുന്ന കല്പനകൾ സംഗ്രഹിക്കപ്പെടേണ്ടതും ഈ രണ്ടു സ്നേഹത്തിലാണ്.

## കല്പനകളുടെ സംഗ്രഹം-സ്നേഹം

കല്പനകളുടെ സംഗ്രഹം സാധ്യമാകുന്നത് അവയുടെ അന്തസത്തയുടെ സ്വഭാവമനുസരിച്ചാണ്. നിയമത്തിന്റെ പാലനം അതിന്റെ അക്ഷരാനുസൃതമായ അനുസരണമല്ല, മറിച്ച് അവയുടെ അന്തരാർത്ഥാനുസൃതമായ അനുസരണമാണ് എന്നു സാരം. സ്നേഹത്തിന്റെ അടയാളമായി, ഉടമ്പടിയുടെ കല്പനകളായി പൂർവ്വികർക്കു നല്കപ്പെട്ട കല്പനകൾ വെറും കല്പനകളായി മാത്രം ഒതുങ്ങിത്തുടങ്ങിയപ്പോൾ ആ ഉടമ്പടിയുടെ രചയിതാവ് അതിന്റെ അന്തസത്തയെ വീണ്ടെടുക്കാൻ അവയെ രണ്ടു കല്പനകളായി സംഗ്രഹിച്ചു. ആ രണ്ടു കല്പനകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു വാക്ക് എടുത്തു കാട്ടി. ആ വാക്കാണു കല്പനകളുടെ അന്തരാർത്ഥമെന്നും അന്തസത്തയെന്നും

നാടകീയമായി ചിത്രീകരിച്ചു. ആ വാക്കാണു സ്നേഹം. കല്പനകളെ ഫരിസേയമനോഭാവത്തോടെ നോക്കിക്കാണുന്ന ജനങ്ങൾക്കു മാന സാന്തരം ആവശ്യപ്പെടുന്നതാണു ഈ വേദഭാഗം.

## സ്നേഹത്തിന്റെ രണ്ടു മാനങ്ങൾ

യഹോവയുമായുള്ള ഈ ബന്ധത്തിന്റെ ഉടമ്പടിയുടെ ഫലക ത്തിനു, സംഗ്രഹിക്കപ്പെട്ട സ്നേഹത്തിന്റെ ഫലകത്തിനു തിരശ്ചീനവും ലംബവുമായ രണ്ടു മാനങ്ങളാണുള്ളത്. അവ രണ്ടും കൂടിചേരുമ്പോൾ മാത്രമേ അതിനു പൂർണ്ണത കൈവരുന്നുള്ളൂ. പൂരകങ്ങളായ അവ 10 കല്പനകളിൽ മൂന്നും ഏഴുമായി വേർതിരിക്കപ്പെടുന്നു. എന്നാൽ, പിതാവുമായുള്ള ബന്ധത്തിൽ ഊഷ്മളത സംലഭ്യമാകുവാൻ സഹോ ദരങ്ങളോടുള്ള ഉത്തരവാദിത്തത്തെ ദ്യോതിപ്പിക്കുന്ന തുടർന്നുള്ള കല്പനകൾ പാലിച്ചേ മതിയാകൂ. ഇപ്രകാരം തന്നെ തിരശ്ചീനമായ കല്പനയുടെ മാനം നല്കിക്കൊണ്ടു യേശു അതേ ധ്വനി നല്കുന്നു. സ്നേഹത്തിന്റെ പാരസ്പര്യത്തിന്റെ ധ്വനി.

ദൈവവുമായുള്ള ബന്ധത്തിന്റെ സമഗ്രത ഒരു വ്യക്തി അവന്റെ പൂർണ്ണ വ്യക്തിത്വത്തെയും (പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാ വോടും പൂർണ്ണ മനസ്സോടും) വ്യതിചലിപ്പിക്കാതെ ദൈവത്തോടുള്ള സ്നേഹത്തിൽ ബന്ധപ്പെടുത്തി നില്ക്കുമ്പോഴാണ്. ഹൃദയം മാനു ഷിക വൈകാരികതയുടെ തലമാണ്, മനസ്സ് തീരുമാനങ്ങളുടെയും ബൗദ്ധികതയുടെയും തലമാണ്, ആത്മാവ് ദൈവീകതയുടെ തലമാണ്. ഈ മൂന്നു തലങ്ങളും വ്യതിരക്തങ്ങളല്ല, ഒരു വ്യക്തിയുടെ സമഗ്രത യാണ്. ഈ സമഗ്രതയിലാണ് നാം ദൈവത്തെ സ്നേഹിക്കേണ്ടത്. സ്വാർത്ഥതാല്പര്യങ്ങൾ-ബൗദ്ധികമോ ഭൗതികമോ-ഈ സമഗ്രതയെ വ്യതിചലിപ്പിക്കാതെ പൂർണ്ണമായും ദൈവത്തിൽ അടിയുറപ്പിക്കുക. ഇതു സാധ്യമാകുന്നതിലൂടെ മാത്രമേ ഒരുവന്റെ ലംബമാനമായ സ്നേഹം പൂർത്തിയിലെത്തുന്നുള്ളൂ,

അവയുടെ തിരശ്ചീനമായ മാനം: രണ്ടാമത്തെ കല്പന-നിന്നെ പ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക (v.31). രണ്ടാമത്തെ ഈ കല്പനയ്ക്കു ഒരു വ്യവസ്ഥ പൂർത്തീകരിക്കേണ്ടതുണ്ട്; നീ ആദ്യം നിന്നെത്തന്നെ സ്നേഹിക്കുക. ഒരുവൻ തന്റെ അസ്ഥിത്വത്തെ സ്നേ ഹിക്കുന്നതുപോലെ മറ്റൊരുവന്റെ അസ്ഥിത്വത്തെയും സ്നേഹിക്കണം. ഇപ്രകാരം ഒരു അളവുകോൽ ദൈവം കാണിച്ചുതരുന്നതു പരസ്നേഹം കേവലം പാരിമാണികമല്ല (quantitative) അല്ല എന്നു പഠിപ്പിക്കുന്നതി

നാണ്. അതോടൊപ്പം, സ്നേഹത്തിന്റെ അളവുകോൽ ഓരോരുവന്റേയും മനസ്സിലാണ് എന്നു പഠിപ്പിക്കുന്നതിനും. ഇതു പൂർത്തീകരിക്കപ്പെട്ടതിനു ശേഷം കല്പനയുടെ മർമ്മഭാഗം-നിന്റെ അയൽക്കാരനെയും സ്നേഹിക്കുക. ഈ സ്നേഹത്തിനു നമ്മുടെ മുമ്പിലുള്ള ഏറ്റവും മഹത്തായ അടയാളമാണു യേശുമിശിഹാ. സ്നേഹത്തിന്റെ ഉടമ്പടിയുടെ അടയാളമാണു യേശുമിശിഹായുടെ മനുഷ്യാവതാരം. ഉടമ്പടിയുടെ അച്ചാരമാണു അവന്റെ കുരിശിലെ പൂർണ്ണത്യാഗം. ഇതു നമ്മുടെ ജീവിതത്തിലേക്കു പകർത്തുക എന്നതാണു ആ അച്ചാരത്തിനു നാം നല്കേണ്ട പ്രതിയച്ചാരം. അതിന്റെ പ്രായോഗികത നമ്മുടെ അനുദിന ജീവിതത്തിന്റെ കർമ്മങ്ങളിലാണി രിക്കുന്നത്. അതിനുള്ള പല മാർഗ്ഗങ്ങളിൽ ഒന്നാണു ഇന്നത്തെ ലേഖനഭാഗത്തിലൂടെ വി. പൗലോസ് ശ്ലീഹാ നമുക്കു പറഞ്ഞുതരുന്നത്. ശ്ലീഹാ ഫിലിപ്പിയരോടു പറയുന്നു. എന്റെ ഞെരുക്കങ്ങളിൽ സൗമനസ്യത്തോടെ നിങ്ങൾ പങ്കുചേർന്നു (4:4). ഒരുവൻ സ്വന്ത ഞെരുക്കങ്ങളോടു എപ്രകാരം പ്രതികരിക്കുന്നുവോ, അതേ വൈകാരികതയോടും തീക്ഷ്ണതയോടുംകൂടെ അപരന്റെ ഞെരുക്കങ്ങളിൽ പങ്കുചേരുക. അതിലൂടെ ഒരുവനെ മറ്റൊരുവനു നേടാൻ കഴിയും. അങ്ങനെ സംഗ്രഹിക്കപ്പെട്ട കല്പനയുടെ തിരശ്ചീനമായ മാനം നമുക്കു പൂർത്തീകരിക്കുവാൻ കഴിയും.

## ഉപസംഹാരം

പരസ്പരസ്നേഹം ദൈവസ്നേഹത്തിലേക്കും ദൈവസ്നേഹം പരസ്നേഹത്തിലേക്കു നയിക്കും. അവ പരസ്പരം പൂരകങ്ങളാണ്. എന്തെന്നാൽ ശ്രദ്ധിക്കുക-യേശു രണ്ടു സുപ്രധാന നിയമങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന പദം തന്നെ 'സ്നേഹം' എന്നതാണ്. നിയമങ്ങൾ പലപ്പോഴും നിയമങ്ങളാക്കി വയ്ക്കാനുള്ള ത്വര നാം എടുത്തുകളയണം. മനുഷ്യൻ നിയമത്തിനു വേണ്ടിയല്ല, നിയമം മനുഷ്യനു വേണ്ടിയുള്ളതാണെന്നു നാം തിരിച്ചറിയണം. നിത്യജീവിതത്തിലേക്കുള്ള വിളി സഫലമാകുന്നതു സ്നേഹത്തിന്റെ പൂർത്തീകരണത്തിലാണ്. ഈ പൂർത്തീകരണം ദൈവവുമായുള്ള ബന്ധത്തിൽ ആരംഭിക്കുന്നതാണ്. അത് അവിടെ നിന്നു പടർന്നു സഹോദരങ്ങളിലേക്കു എത്തിച്ചേരുന്നതാണ്.



# 2014 ആഗസ്റ്റ് 24
# തേജസ്ക്കരണത്തിനുശേഷം മൂന്നാം ഞായർ

ലൂക്കാ. 11:5-13; ഉൽപ. 6:1-12; സഭാ. 5:1-7; സങ്കീ. 12:1-8; 2 പത്രോ. 3:1-7; 2 കോരി. 12:1-10; ലൂക്കാ. 18:9-14.

**ബ്രദർ വിജോയ് വർഗീസ് ഒ. ഐ. സി.**

## ആമുഖം

ദൈവികശക്തിയും, ദൈവത്തിന്റെ അനുഗ്രഹവും നല്കപ്പെടുന്നതു ദൈവവുമായി അഗാധമായ പ്രണയത്തിലേർപ്പെടുന്നവർക്കാണ്. അവർ ചിലപ്പോൾ സമൂഹത്തിന്റെ മുമ്പിൽ ബലഹീനരും സമൂഹം അധികം ശ്രദ്ധിക്കാത്തവരും ആയിരിക്കാം. വി. ബൈബിളിൽ ഉടനീളം ഈ യാഥാർത്ഥ്യം നമുക്കു ദർശിക്കാവുന്നതാണ്. നമ്മുടെ പൂർവ്വ പിതാക്കന്മാരായ യാക്കോബ്, മോശ, പ്രവാചകന്മാർ മുതൽ സമൂഹം വെറുത്ത സ്ത്രീകളായ താമാർ, റാഹാബ്, റൂത്ത് ഇവരൊക്കെ ഇതിനു ഉദാഹരണങ്ങളാണ്. വി. ലൂക്കായുടെ സുവിശേഷത്തിൽ കൂടുതൽ ഊന്നൽ നല്കുന്നതു നിന്ദ്യർക്കും പാപികൾക്കും സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർ എന്നു മുദ്രകുത്തപ്പെട്ടവർക്കുമാണ്. ഇന്നത്തെ വേദഭാഗം ഈ ദർശനത്തിനു വലിയൊരു അടയാളമാണ്. വി. ലൂക്കോസിന്റെ സുവിശേഷം 18-ാം അദ്ധ്യായം 9-14 വരെയുള്ള വാക്യങ്ങൾ നമുക്കു വരച്ചുകാണിച്ചുതരുന്നു, ചുങ്കക്കാരൻ തന്റെ വിശ്വാസത്തോടു കൂടെയുള്ള പ്രാർത്ഥന വഴിയായി ദൈവ തിരുമുമ്പിൽ സ്വീകാര്യനാകുന്നതും നീതീകരിക്കപ്പെട്ടവനായി മടങ്ങുന്നതും.

## പ്രമേയം

ക്രിസ്തു ശിഷ്യന് ഉണ്ടായിരിക്കേണ്ട അടിസ്ഥാന മനോഭാവമാണ് ഇന്നത്തെ പ്രമേയം. സ്വയം നീതീമാന്മാരെന്നു ചിന്തിക്കുകയും

തങ്ങളിൽ തന്നെ ആശ്രയിക്കുകയും മറ്റുള്ളവരെ മോശമായി കരുതുകയും ചെയ്തിരുന്ന ഫരിസേയരുടെ മനോഭാവം തന്റെ ശിഷ്യർക്കുണ്ടാകരുതെന്നാണു യേശു പഠിപ്പിക്കുന്നത്. ദൈവത്തിന്റെയും സമൂഹത്തിന്റെയും മുമ്പിൽ എളിയവനാകാതെ നിയമങ്ങളുടെ ബാഹ്യമായ അനുഷ്ഠാനം വഴി മാത്രം നീതീകരണം പ്രാപിക്കാം എന്നാണു പ്രാർത്ഥിക്കാൻ നിൽക്കുന്ന ഫരിസേയന്റെ ചിന്താഗതി. എന്നാൽ തന്നോടൊപ്പം പ്രാർത്ഥിക്കാൻ നിൽക്കുന്ന ചുങ്കക്കാരന്റെ തുറവിയും എളിമയും ഫരിസേയനിൽ കാണുന്നില്ല.

## സന്ദേശം

### 1. പ്രാർത്ഥന: ദൈവവുമായുള്ള പ്രണയം

നമ്മുടെ പ്രാർത്ഥന ദൈവവുമായുള്ള പ്രണയമാണ്. പ്രണയമില്ലെങ്കിൽ ആരാധനയെല്ലാം ബാധ്യതയാകും, സംഗീതമെല്ലാം ശബ്ദങ്ങൾ മാത്രമാകും, നൃത്തമെല്ലാം പ്രവൃത്തിയാകും, പരസ്പരം പ്രണയിക്കുമ്പോൾ നാം മനസ്സു തുറക്കുന്നു. ഇന്നത്തെ സുവിശേഷഭാഗത്തിൽ ചുങ്കക്കാരൻ മനസ്സുതുറക്കുമ്പോൾ അതു ദൈവവുമായുള്ള പ്രണയമായിത്തീരുന്നു. സൃഷ്ടിയുടെ ആരംഭമുതൽക്കേ ഈ ദൈവമനുഷ്യ പ്രണയം നമുക്കു കാണാവുന്നതാണ്. ദൈവത്തിന്റെ നാമം വിളിച്ചപേക്ഷിക്കുന്നതിലൂടെയാണ് അതിന്റെ തുടക്കം. “അക്കാലത്ത് മനുഷ്യൻ ദൈവത്തിന്റെ നാമം വിളിച്ചപേക്ഷിക്കാൻ തുടങ്ങി...” (ഉൽപ. 4:8) ഈ ചരിത്രം തുടരുകയാണ്. പുറ. 33:12-ൽ ഒരു സ്നേഹിതനോടെന്ന പോലെ മോശ ദൈവത്തോടു സംസാരിച്ചെന്നും കൂടാരത്തിനു മുകളിൽ ദൈവസാന്നിധ്യം ഇറങ്ങിയെന്നും പറയുമ്പോൾ പ്രാർത്ഥന ദൈവവുമായുള്ള വ്യക്തിപരമായ ഇടപെടലാവുകയാണ്. ഹൃദയം തുറന്നു തന്റെ എല്ലാ വികാരങ്ങളും വിചാരങ്ങളും അതേ തീവ്രതയോടെ ദൈവവുമായി പങ്കുവയ്ക്കുന്ന ‘ഹന്ന’, ദൈവവുമായുള്ള മനുഷ്യബന്ധത്തിന്റെ ആർദ്രമായ ചിത്രമാണ്. ഇന്നത്തെ വേദഭാഗത്തിൽ ചുങ്കക്കാരൻ ദൈവമേ പാപിയായ എന്നിൽ കനിയണമേ എന്നു പ്രാർത്ഥിക്കുമ്പോൾ മനസ്സു തുറക്കലിന്റെ ഏറ്റവും വലിയ ഉദാഹരണമായി നമ്മുടെ മുമ്പിൽ നില്ക്കുന്നു.

പലപ്പോഴും നമ്മുടെ പ്രാർത്ഥന ഒരു പുസ്തകം വായിക്കുന്നതു പോലെയാണ്. അവിടെ സംഭാഷണമില്ല. രണ്ടു വ്യക്തികൾ തമ്മിൽ സംഭാഷണത്തിലേർപ്പെടുമ്പോളാണു മനസ്സു തുറക്കുന്നത്. കമിതാക്കൾ പ്രേമലേഖനം എഴുതുമ്പോൾ മനസ്സിലുള്ള എല്ലാ വികാരങ്ങളും അതിൽ ഉൾപ്പെടുത്തുന്നുണ്ട്. അതിനു മറുപടി പ്രതീക്ഷിക്കുന്നുണ്ട്. ദൈവത്തോടുള്ള നമ്മുടെ പ്രാർത്ഥനയും ഇപ്രകാരമാകണം. അതു മനസ്സു തുറക്കലാകണം. പ്രണയമായി തീരണം.

## 2. പ്രാർത്ഥന: എളിമപ്പെടാനുള്ള വിളി

പ്രാർത്ഥന ഒരു പ്രണയമായി തീരുമ്പോൾ അവിടെ നാം സ്വയം ചെറുതാവുകയാണ്. അപരന്റെ ആഗ്രഹങ്ങൾക്കും സ്വപ്നങ്ങൾക്കും നമ്മെത്തന്നെ വിട്ടുകൊടുക്കുന്നു. പ്രാർത്ഥിക്കുമ്പോൾ എളിയവനായി ദൈവതിരുമുമ്പിൽ നമ്മുടെ മനസ്സിനെ തുറക്കുവാൻ സാധിക്കണം. ഫരിസേയന്റെയു ചുങ്കക്കാരന്റെയും പ്രാർത്ഥന വിലയിരുത്തപ്പെടുന്നത് ഈ എളിമയിലാണ്. "ഫരിസേയൻ നിന്നുകൊണ്ടു പ്രാർത്ഥിച്ചു (18:11) നിന്നുകൊണ്ടുള്ള പ്രാർത്ഥന മറ്റുള്ളവരെ കാണിക്കുവാൻ വേണ്ടി ഫരിസേയർ സിനഗോഗുകളിലും മറ്റു പ്രമുഖസ്ഥലങ്ങളിലും നടത്തുന്നതാണെന്നു യേശു സുവിശേഷത്തിൽ മറ്റൊരിടത്തു പറയുന്നുണ്ട്" (മത്താ. 6:5). അവിടെ എളിമയല്ല, മറിച്ച് അഹംഭാവമാണ്. എന്നാൽ ചുങ്കക്കാരൻ പ്രാർത്ഥിക്കുന്നത് "ദൂരെ നിന്നുകൊണ്ട്, സ്വർഗ്ഗത്തിലേക്കു കണ്ണുകളുയർത്തുവാൻ പോലും ധൈര്യപ്പെടാതെയാണ്" (18:13). എളിമയും വിനയവും താഴ്മയുമായാണു സുവിശേഷകൻ ചിത്രീകരിക്കുന്നത്. വിനീതഹൃദയരേയും എളിമയുള്ളവരേയുമാണു ദൈവത്തിനു താത്പര്യം. അവിടെയാണു സ്വർഗ്ഗീയ രഹസ്യങ്ങൾ വെളിവാക്കപ്പെടുന്നത്. പരി. മറിയം നമ്മുടെ മുമ്പിൽ ഉത്തമമാതൃകയായി നിൽക്കുന്നു. തന്റെ പുത്രനെ ഭൂമിക്കു നൽകുവാൻ ദൈവം തിരഞ്ഞെടുത്തത് എളിമയുള്ള മറിയത്തെയാണ്. ജനങ്ങളുടെ മദ്ധ്യസ്ഥനായി പുരോഹിതൻ അൾത്താരയിൽ നിന്നുകൊണ്ട് വി.കുർബാന മദ്ധ്യേ 'ഭൂമിയിൽ നിന്ദ്യ പൂഴിയായ എന്നെ നിന്റെ ദൈവിക രഹസ്യങ്ങളുടെ നിവാസസ്ഥലത്തു പ്രവേശിക്കുവാൻ കരുണാപൂർവ്വം നീ അർഹനാക്കി' എന്നു എളിമയോടെ പ്രാർത്ഥിക്കുമ്പോൾ നാമും പുരോഹിതനോടൊപ്പം എളിമയുള്ളവരായി തീരുന്നു. ദൈവം നമ്മെ ശ്രേഷ്ഠതയിലേക്കു തിരഞ്ഞെടുക്കുമ്പോൾ നമുക്കും കൂടുതൽ എളിമപ്പെടാനും നിർമ്മല മനസ്സാക്ഷിയോടും വിശ്വാസത്തോടും കൂടി പ്രാർത്ഥിക്കുവാൻ സാധിക്കണം.

### 3. പ്രാർത്ഥന: നിർമ്മല മനസ്സാക്ഷിയോടും വിശ്വാസത്തോടും കൂടെയുള്ള തുറവി

വിശ്വാസത്തോടും നിർമ്മലമനസ്സാക്ഷിയോടും കൂടി പ്രാർത്ഥിച്ചപ്പോൾ "ഫരിസേയനേക്കാൾ നീതീകരിക്കപ്പെട്ടവനായി ചുങ്കക്കാരൻ വീട്ടിലേക്കു മടങ്ങി" (18:14). മാനുഷിക പരിമിതികളുടെ തലത്തിൽ ദൈവത്തെ അളക്കാതെ, വിശ്വാസത്തോടെ നമ്മെത്തന്നെ ദൈവത്തിനു വിട്ടുകൊടുക്കണം. ചുങ്കക്കാരൻ പാപിയായിരുന്നിട്ടും പരിമിതികളുണ്ടായിരുന്നിട്ടും, അതെല്ലാം മറന്നു നിർമ്മല മനസ്സാക്ഷിയോടെ ദൈവതിരുമുമ്പിൽ നിന്നുകൊണ്ടു വിശ്വാസത്തോടെ പ്രാർത്ഥിച്ചപ്പോൾ അവൻ നീതീകരിക്കപ്പെട്ടവനായി തീർന്നു. തത്വചിന്തകനായ കീർക്കഗാർഡ് പറയുന്നു, വിശ്വാസം അന്ധകാരത്തിലേക്കുള്ള ഒരു എടുത്തുചാട്ടവും അനിശ്ചിതത്വത്തിലേക്കുള്ള കാൽവയ്പ്പുമാണ്. അവിടെ നീ ദൈവത്തിനു വഴി പറഞ്ഞുകൊടുക്കേണ്ടതില്ല, ദൈവം നിന്നെ കാത്തുകൊള്ളും. നമ്മുടെ പ്രാർത്ഥന വിശ്വാസത്തിന്റെ വാതിലിൽ കൂടി പ്രവേശിച്ച്, ദൈവവുമായുള്ള സംസർഗ്ഗത്തിലേക്കു കൊണ്ടെത്തിക്കുന്ന തേര് ആയി തീരണം. അവിടെ നിന്നു ചുങ്കക്കാരനെപ്പോലെ നീതികരിക്കപ്പെട്ടവനായി തിരികെവരുവാനും സാധിക്കണം.

## ഉപസംഹാരം

നമ്മുടെ പ്രാർത്ഥന ദൈവവുമായുള്ള ബന്ധം വളർത്തുവാനുള്ള ഉപാധിയാണ്. അതിലൂടെ ദൈവികപ്രണയത്തിൽ നാം ഉൾച്ചേരുകയാണ്. ഞാനും എന്റെ ദൈവവും ഒന്നിച്ചിരിക്കുന്ന ആനന്ദദായകമായ നിമിഷമാണത്. "ദൈവത്തിൽ മാത്രം മനസ്സു ചേർത്തു വച്ചുകൊണ്ടു അവനെ മാത്രം അനുഭവിക്കുന്ന നിമിഷം നീയും ഞാനുമെന്ന ഭേദമില്ലാതെ ഒന്നാകലിന്റെ നിർവൃതി മാത്രം. ഹർഷഭരിതം ചൈതന്യപൂർണ്ണം....നീയും, ഞാനും!" (റൂമികവിതകൾ).



# 2014 ആഗസ്റ്റ് 31

## തേജസ്ക്കരണത്തിനുശേഷം നാലാം ഞായർ

മത്താ. 20:20-28; നിയമാ. 18:1-8; 2 ദിന. 19:8-11; എസ. 47:1-12; 1 പത്രോ. 4:1-11; ഫിലിപ്പി. 2 : 1-11; മർക്കോ. 10:35-45

**ബ്രദർ ജീവൻ ഒ. ഐ. സി.**

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആമ്മീൻ.

കർത്താവിനാൽ ഏറ്റവുമധികം സ്നേഹിക്കപ്പെടുന്നവരേ,

തേജസ്ക്കരണതിരുന്നാളിനുശേഷം നാലാമത്തെ ഞായറാഴ്ചയായ ഇന്ന് നമ്മുടെ വിചിന്തനത്തിനുവേണ്ടി സഭ നമ്മുടെ മുന്നിൽ വയ്ക്കുന്ന സുവിശേഷഭാഗം വി. മർക്കോസ് എഴുതിയ സുവിശേഷം പത്താമദ്ധ്യായം മുപ്പത്തിയഞ്ച് മുതൽ നാൽപത്തിയഞ്ച് വരെയുള്ള തിരുവചനങ്ങളാണ്. യേശുവിന്റെ മഹത്ത്വത്തിൽ യേശുവിന്റെ വലതുഭാഗത്തും ഇടതുഭാഗത്തും ഉപവിഷ്ടരാകുന്നതിനുള്ള അനുവാദം തങ്ങൾക്ക് കൽപ്പിച്ച് നൽകണമെന്ന സെബദിപുത്രന്മാരുടെ അഭ്യർത്ഥനയും അതിനെ തുടർന്നുള്ള യേശുവിന്റെ പഠിപ്പിക്കലുമാണ് ഇന്നത്തെ സുവിശേഷഭാഗത്തിന്റെ മുഖ്യപ്രമേയം.

വ്യത്യസ്തങ്ങളും വിവിധങ്ങളുമായ വിചിന്തനശകലങ്ങൾ കൊണ്ട് പലവുരു അലങ്കരിക്കപ്പെട്ടിട്ടുള്ള ഒരു സുവിശേഷഭാഗമാണിത്. താൻ സ്വീകരിക്കുന്ന സഹനത്തിന്റെ പാനപാത്രവും താൻ ഏറ്റെടുക്കുന്ന കുരിശുമരണമാകുന്ന മാമ്മോദീസായുടെ അർപ്പണതീവ്രതയും സ്വന്തം ജീവിതത്തിൽ സ്വാംശീകരിക്കുവാൻ കഴിഞ്ഞാൽപ്പോലും, തന്റെ വലതുഭാഗത്തും ഇടതുഭാഗത്തും ഇരിക്കുവാനുള്ള അവസരം ആർക്കുവേണ്ടി സജ്ജമാക്കിയിരിക്കുന്നുവോ, അവർക്കുള്ളതാണ് എന്ന് പറയുന്നതിലൂടെ യേശു പഠിപ്പിക്കാനാഗ്രഹിക്കുന്ന ഒരു വലിയ സത്യമുണ്ട്. ആ സത്യത്തെ കൂടുതൽ സ്പഷ്ടമാക്കുന്ന രീതിയിലാണ് എളിമയുടെ പാഠങ്ങളിലൂടെയുള്ള ഒരു പുനർവിചിന്തനത്തിന് യേശു ശിഷ്യന്മാരെ ക്ഷമിക്കുന്നതും. സ്വർഗ്ഗപിതാവായ ദൈവത്തിന്റെ കണ്ണു

കളിലൂടെ നാമോരോരുത്തരുമടങ്ങുന്ന മനുഷ്യസമൂഹത്തിന്റെ, വിശ്വാസിസമൂഹത്തിന്റെ ചെയ്തികളുടെ ഉദ്ദേശ്യശുദ്ധിയെ വിശകലനം ചെയ്യാനുള്ള ഒരു വിളിയാണ് ഇന്നത്തെ ഈ സുവിശേഷഭാഗം നമുക്ക് നൽകുന്നത്.

ദൈവശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ, യേശുവിലൂടെ വെളിവാക്കപ്പെടുന്ന ദൈവരാജ്യാനുഭവത്തിലേക്കുള്ള ഒരു ക്ഷണമാണ് വി. മർക്കോസിന്റെ സുവിശേഷം. തന്നിലൂടെ വെളിവാക്കപ്പെടുന്ന ദൈവരാജ്യാനുഭവം ഐഹികമല്ലെന്നും ആ ദൈവരാജ്യപൗരത്വത്തിന്റെ ശ്രേഷ്ഠതയെ നിർണ്ണയിക്കേണ്ടത് ലൗകികമായ മാനദണ്ഡങ്ങളനുസരിച്ചല്ലെന്നും യേശു ശിഷ്യന്മാരെ പഠിപ്പിക്കുന്നു, ഈ സുവിശേഷ ഭാഗത്തിൽ.

“നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം. നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടേയും ദാസനുമായിരിക്കണം. മനുഷ്യപുത്രൻ വന്നിരിക്കുന്നത്, ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി നൽകാനുമത്രേ” എന്ന പഠിപ്പിക്കുന്നതിലൂടെ, ഒരു യഥാർത്ഥ ക്രിസ്തുശിഷ്യന് അവശ്യമുണ്ടായിരിക്കേണ്ടുന്ന ചില ദർശനശുദ്ധികളിലേക്കാണ് യേശു വിരൽ ചൂണ്ടുന്നത്. ഇവിടെ ഐഹികമാനദണ്ഡങ്ങൾക്കതീതമായി ദൈവികമായ കണ്ണുകളിലൂടെ ജീവിതത്തിന്റെ ശ്രേഷ്ഠതയെ അളക്കാനും, ശിഷ്യത്വത്തെ ശുശ്രൂഷയ്ക്കുള്ള ചാലകമായി തിരിച്ചറിയാനുമുള്ള ആഹ്വാനമാണ് യേശു നൽകുന്നത്.

ഈ സുവിശേഷഭാഗത്തിലൂടെ ശിഷ്യന്മാരേയും നമ്മെയും യേശു പഠിപ്പിക്കാനാഗ്രഹിക്കുന്ന സന്ദേശത്തെ നമുക്ക് രണ്ട് പ്രധാനപ്പെട്ട തലക്കെട്ടുകളിൽ സംഗ്രഹിക്കാം.

1. സ്വയം ഒരു മോചനദ്രവ്യമായി മാറാൻ കഴിയണം.

2. ജയപരാജയങ്ങളെ അളക്കുന്ന മാനദണ്ഡങ്ങൾ ദൈവികമാകണം.

**1. സ്വയം മോചനദ്രവ്യമായി മാറാൻ കഴിയണം**

‘മോചനദ്രവ്യം’ എന്ന പദം അതിൽത്തന്നെ ഏറെ അർത്ഥ വിസ്മയങ്ങൾ ഉൾക്കൊള്ളുന്ന ഒന്നാണ്. ചരിത്രം പരിശോധിക്കുകയാണെ

ങ്കിൽ ഒരു ശത്രുരാജ്യത്തിന്റെ പിടിയിലകപ്പെട്ട യുദ്ധത്തടവുകാരെ വീണ്ടുകിട്ടാൻ ഒരു രാജാവ് നൽകുന്ന പണത്തിനെയോ വസ്തുവകകളെയോ ആണ് മോചനദ്രവ്യവും (ransom) എന്ന് പറയുന്നത്. ഈ പശ്ചാത്തലത്തിലാണ് അനേകർക്കുവേണ്ടി മോചനദ്രവ്യമായി സ്വന്തം ജീവനെത്തന്നെ അർപ്പിക്കുവാനായിട്ടാണ് താൻ വന്നത് എന്ന യേശുവിന്റെ പഠിപ്പിക്കലിനെ നാം മനസ്സിലാക്കേണ്ടത്. തിന്മയുടെ സ്വാധീന വലയത്തിലകപ്പെട്ട്, ശാരീരികവും മാനസികവും ആത്മീയവുമായ അടിമത്തങ്ങളിൽ ഉഴലുന്ന എല്ലാവർക്കും വേണ്ടി യേശു നൽകുന്ന രക്ഷയുടെ മോചനദ്രവ്യം സ്വന്തം ജീവൻ തന്നെയാണ്. സ്വന്തം ജീവനെത്തന്നെ മോചനദ്രവ്യമായി നൽകിയ യേശുവിന്റെ മാതൃക ഉൾക്കൊണ്ട് അതിനെ ഇന്നത്തെ തലമുറയിൽ പുനരാവിഷ്ക്കരിക്കാനുള്ള ബാദ്ധ്യത ക്രിസ്ത്യാനികളായ നമുക്കേവർക്കുമുണ്ട്.

ഇത് ഒരു വെല്ലുവിളി നിറഞ്ഞ ക്ഷണമാണ്. സ്വന്തം ഇഷ്ടങ്ങൾക്ക് അതീതമായി ദൈവത്തിന്റെ ഇഷ്ടങ്ങളെ പ്രതിഷ്ഠിക്കുവാനും, നമുക്ക് ക്ഷണികമായിട്ടുള്ള നേട്ടങ്ങൾ നൽകുവാൻ കെൽപ്പുണ്ടെന്ന് നമ്മൾ വിശ്വസിക്കുന്ന നമ്മുടെ ചെറുതും വലുതുമായിട്ടുള്ള സ്വാർത്ഥ താത്പര്യങ്ങളെ നിഗ്രഹിച്ചുകൊണ്ടുപോലും മറ്റുള്ളവർക്കായി മോചനദ്രവ്യമായി മാറുവാനുമുള്ള വിളി. സഭയിലും സമൂഹത്തിലും കുടുംബങ്ങളിലും കൂട്ടായ്മകളിലും ജോലിസ്ഥലത്തും സൗഹൃദവലയങ്ങളിലും ഒക്കെ, ഈ മോചനദ്രവ്യമായി മാറുവാനുള്ള അനന്തസാധ്യതകളാണ് ഇന്നത്തെ ലോകം നമ്മുടെ മുന്നിൽ തുറന്ന് വയ്ക്കുന്നത്. വ്യത്യസ്തങ്ങളും വിവിധങ്ങളുമായിട്ടുള്ള ജീവിതസാഹചര്യങ്ങളോട് പ്രതികരിക്കുമ്പോൾ, അറിയാതെ, അരക്ഷിതാവസ്ഥകളുടെയും സ്നേഹിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും ആരുമില്ല എന്നുള്ള ചിന്തയുടേയും പരാജയഭീതികളുടെയും ദൈവോന്മുഖതയില്ലായ്മയുടെയും വികലമാക്കപ്പെടുന്ന ജീവിത ധാർമ്മികദർശനങ്ങളുടേയും ഒക്കെ അടിമത്തത്തിൽ കീഴിലകപ്പെടുന്നവർക്ക് മുന്നിൽ ഒരു മോചനദ്രവ്യമായി മാറുവാൻ ഒരു ക്രിസ്ത്യാനിക്ക് കഴിയുകയാണെങ്കിൽ അത് തന്നെയാണ് സ്വയം മോചനദ്രവ്യമായി മാറിയ ക്രിസ്തുവിനോടുള്ള പൂർണ്ണമായ താദാത്മ്യപ്പെടൽ.

അത് ഒരുപക്ഷേ, ഒരു സഹോദരനുവേണ്ടിയല്പം സമയം ചിലവഴിച്ചുകൊണ്ടാകാം. ഒരുപക്ഷേ, അവന്റെയോ അവളുടേയോ വ്യക്തിപരമായ ദുഃഖങ്ങളുടെ നിമിഷങ്ങളിൽ ഒരു നിശബ്ദമായ സൗഹൃദ

സാന്നിധ്യമായി മാറിക്കൊണ്ടാകാം. ഒരുപക്ഷേ, അരക്ഷിതാവസ്ഥക ളിൽ സുരക്ഷിതത്ത്വത്തിന്റേയും പ്രോത്സാഹനത്തിന്റെയും ഒരു കൈ ത്താങ്ങ് നൽകിക്കൊണ്ടാകാം. അങ്ങനെയാകുമ്പോൾ മോചനദ്രവ്യ മായി മാറുക എന്ന പ്രക്രിയയ്ക്ക് നൽകുവാൻ കഴിയുന്ന ഏറ്റവും സംക്ഷിപ്തമായ നിർവ്വചനം എന്നത് ഒരുപക്ഷേ യേശുവിന്റെ സെൻ സിറ്റിവിറ്റിയോടെ അപരനെ സമീപിക്കുക എന്നുള്ളതായിരിക്കും.

**2. ജയപരാജയങ്ങളെ അളക്കുന്ന മാനദണ്ഡങ്ങൾ ദൈവിക മാകണം**

നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണമെന്നും നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹി ക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണമെന്നും പഠിപ്പിക്കുന്നതി ലൂടെ യേശു ആഗ്രഹിക്കുന്നത് ദൈവികമായ കാഴ്ചപ്പാടോടുകൂടി ശിഷ്യത്വത്തെ നോക്കിക്കാണാൻ ശിഷ്യന്മാർ പ്രാപ്തരാകണമെന്നാണ്. യേശുവിന്റെ രാജത്വത്തേയും മഹത്വത്തേയും ലൗകികമാനദണ്ഡമനു സരിച്ച് അളന്നതുകൊണ്ടാണ് യാക്കോബും യോഹന്നാനും ആ രാജത്വ ത്തിൽ ശ്രേഷ്ഠസ്ഥാനങ്ങൾ അലങ്കരിക്കാൻ തങ്ങളെ പ്രാപ്തരാക്കണ മെന്ന് യേശുവിനോട് അപേക്ഷിക്കുന്നത്. എന്നാൽ യേശുവാകട്ടെ ദൈവത്തിന് പ്രീതികരമായ രീതിയിൽ, ദൈവം കാണുന്നതുപോലെ ക്രിസ്തുശിഷ്യത്വത്തെ കാണണമെന്നും, ആദർശനത്തിൽ ശ്രേഷ്ഠത യും വലിപ്പവുമെന്നത് സ്വയം ഇല്ലാതായിത്തീർന്ന് മറ്റുള്ളവർക്കായി ദാസനെപ്പോലെ ശുശ്രൂഷ ചെയ്യുന്നതാണെന്നുമുള്ള സത്യം ശിഷ്യരെ പഠിപ്പിക്കുന്നു.

അങ്ങനെയാകുമ്പോൾ, യഥാർത്ഥ വലിപ്പം എന്നത് ദൈവം എന്തിനെ വിലമതിയ്ക്കുന്നു എന്ന തിരിച്ചറിയലാണ്; ആ തിരിച്ചറി യലിനനുസരിച്ച് ജീവിതത്തെ ചിട്ടപ്പെടുത്തലാണ്. “The question then is not what makes one great in wordly terms’ but what makes one great before God?” മത്സരങ്ങളിൽ വിജയം നേടുന്നതിനെ മാത്രം വിജയമായി കണക്കാക്കുന്ന ഒരു മത്സരയുഗത്തിലാണ് നമ്മൾ വസിക്കുന്നത്. സമ്പ ത്തിലും സ്ഥാനമാനങ്ങളിലും അക്കാദമിക മികവുകളിലും ക്ഷണിക നേട്ടങ്ങളിലും അഭിരമിക്കുന്നതിനെ മാത്രം യഥാർത്ഥ ജീവിതവിജയ മായി പരിഗണിക്കുന്ന ചിന്താഗതിയുടെ ഒരു പൊളിച്ചെഴുത്താണ് ഈ സുവിശേഷഭാഗം നമ്മോടാവശ്യപ്പെടുന്നത്.

ഒരു യഥാർത്ഥ ക്രിസ്തുശിഷ്യൻ ശുശ്രൂഷകൾ സ്വന്തം മഹത്വത്തിനുള്ള മാദ്ധ്യമമായി കണക്കാക്കാതെ, ദൈവനാമമഹത്വത്തിനു പ്രാമുഖ്യം കൊടുക്കണമെന്നും, ചെയ്തികളുടെ ജയപരാജയങ്ങളെ ദൈവത്തിന് വിട്ടുകൊടുക്കണമെന്നും, തന്റെ തോൽവികളിലൂടെയാണ് ദൈവം വിജയം നേടാൻ ആഗ്രഹിക്കുന്നതെങ്കിൽ അതിനുവേണ്ടി പോലും സർവ്വദാ സന്നദ്ധനായിരിക്കണമെന്നും യേശു നമ്മെ പഠിപ്പിക്കുന്നു. ഈയൊരു വിശാലമനസ്കത ജീവിതത്തെ ഭരിക്കുന്ന നിയമമായി മാറുകയാണെങ്കിൽ നിയമാവർത്തനപുസ്തകം 18-ാം അദ്ധ്യായം 2-ാം വാക്യത്തിൽ പറയുന്നതുപോലെ അവിടുന്നായിരിക്കും അവരുടെ ഓഹരി എന്നുള്ള വചനത്തിൽ അധിഷ്ഠിതമായി ദൈവത്തിൽ സന്തോഷം കണ്ടെത്തുവാനും ഏശയ്യാപ്രവചാകന്റെ പുസ്തകം 53-ാം അദ്ധ്യായം 12-ാം വാക്യത്തിൽ പറയുന്നതുപോലെ അനേകരുടെ പാപഭാരം പേറുകയും അവരുടെ അതിക്രമങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥം യാചിക്കുകയും ചെയ്ത കർത്ത്യദാസനായ ക്രിസ്തുവിന്റെ ജീവിതമൂല്യങ്ങളോട് കൂടുതൽ അനുരൂപപ്പെടുവാൻ നമുക്ക് കഴിയും. ചുരുക്കത്തിൽ പ്രവൃത്തികളുടെ വിജയങ്ങളേയും പരാജയങ്ങളേയും അളക്കുന്ന മാനദണ്ഡം ദൈവികമാകുന്ന ഒരു ജീവിതദർശനശുദ്ധിയിലേക്കുള്ള ക്ഷണമാണ് ഇന്നത്തെ വേദഭാഗം നമുക്ക് നൽകുന്നത്. യേശുവിന്റെ സ്വയം ശൂന്യവത്ക്കരണത്തിന്റെ സെൻസിറ്റിവിറ്റിയോടെ അപരനെ അനുദിനം സമീപിക്കാൻ കഴിയണം എന്ന സന്ദേശം നമുക്ക് മുന്നിൽ വരച്ചുകാട്ടുന്നു ഈ സുവിശേഷഭാഗം. ഈ ഒരു ദർശനത്തിന്റെ വെളിച്ചത്തിലാണ് നമ്മുടെ ചെയ്തികളുടെ ഉദ്ദേശ്യശുദ്ധിയെ നമ്മൾ വിലയിരുത്തേണ്ടതും.

ഇങ്ങനെ ലോകദൃഷ്ടിയിലെ വലുപ്പങ്ങളേക്കാൾ ദൈവദൃഷ്ടിയിലെ വലുപ്പങ്ങളെ കൂടുതൽ വിലമതിക്കുവാനും സ്വയം മോചനദ്രവ്യമായി മാറിക്കൊണ്ട് അനേകർക്ക് യഥാർത്ഥ ക്രിസ്തുശിഷ്യത്വത്തിന്റെ സുകൃതങ്ങളെ പങ്കുവയ്ക്കാനുമുള്ള കൃപകൾകൊണ്ട് പൂരിതരാകുവാൻ നമുക്ക് പ്രയത്നിക്കാം അതിന് സർവ്വശക്തനായ ദൈവം നമ്മെ സഹായിക്കട്ടെ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആമ്മീൻ.

